കോട്ടയം
സെനറ്റ്ഹാളിൽ
ഇന്നുരാത്രി
വരദൻ, സരോജിനി,
കൃഷ്ണൻ, മധുരം
മുതലായവരഭിനയിച്ച
കന്നികാ
പള്ളിവേട്ടയ്ക്കും ആറാട്ടിനും മൂന്നു കളികൾ.

പ്രഭാതപ്പതിപ്പ് വില 2 ചക്രം

No. T 174 Licence No 365 dated 26-3-1948

ദേശബന്ധു

Editor in Chief K. N. Sankunni Pillai B. A. & B. L.

3-ാംവാരം
കോട്ടയം
നൃത്തിയേററിൽ
ഇന്നുരാത്രി
T. S. ചലച്ചിത്രം, V. N. ജനകി
മാധുരിദേവി
മുതലായവരഭിനയിച്ച
'മോഹിനി'
പള്ളിവേട്ടയ്ക്കും ആറാട്ടിനും മൂന്നു കളികൾ

Vol. 2 | കോട്ടയം 1949 മാർച്ച് 23-ാംനു — 1124 മീനം 10-ാംനു ബുധൻ പേജ് 4 | No 4

നൈസാം തിരുമേനിയുടെ തയ്യൽക്കാർ പണിമുടക്കി

15 രൂപ വീട്ടുവാടകയ്ക്കും 15 രൂപ ഡിയർനസ്സ് അലവൻസിന് പുറമെ ശമ്പളക്കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള ശമ്പളനിരക്കും ലഭിക്കണമെന്നു വാദം.

ഹൈദ്രബാദ്, മാർച്ച് 21

കഴിഞ്ഞ രണ്ടു തലമുറകാലമായി നൈസാം രാജകുടുംബത്തിന്റെ തയ്യൽക്കാരായിരുന്നിട്ടുള്ളവരും, ഇപ്പോൾ നൈസാമിനും നൈസാം കുടുംബാംഗങ്ങളായ ഇരുന്നൂറോളം പേരുടെ തയ്യൽജോലി നടത്തുന്നവരുമായ അളുകൾ, 15 രൂപ വീട്ടുവാടക, 15 രൂപ ഡിയർനസ്സലവൻസ് എന്നതിനുപുറമെ ശമ്പളക്കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള ശമ്പളനിരക്കുകൾ തങ്ങൾക്കനുവദിക്കണമെന്നു വാദിച്ചുകൊണ്ട് പണിമുടക്കുതുടങ്ങിയിരിക്കുന്നു.

ഘാതകനോടു നൈസാം കാരുണ്യം കാണിക്കുന്നു

സെക്കന്ദറാബാദ്, മാർച്ച് 21

1947 നവംബർ 19-ാംതിയതി രണ്ടു കൈ ബോംബെറിഞ്ഞ് നൈസാമിനെ വധിക്കുവാൻ ശ്രമിച്ച കററത്തിന് മരണശിക്ഷ വിധിയ്ക്കപ്പെട്ട നാരായണറാവുവിന്റെ ആ ശിക്ഷ, നൈസാംതിരുമനസ്സ് ജീവപര്യന്തം, തടവായി കുറവ് ചെയ്തിരിക്കുന്നു.

കോട്ടയം

(സ്വ-ലേ) മീനം 10

വ്യയനൃനീകരണം പ്രമാണിച്ച് ചെങ്കരം ഡാം ഡിവിഷൻനിർത്തൽചെയ്തിരിക്കുന്നു. അവിടുത്തെ എക്സിക്യൂട്ടീവ് എൻജിനിയറായ മി. കെ. എം. മത്യുവിനെ തിരുവനന്തപുരം വാട്ടർവർക്സ് എക്സിക്യൂട്ടീവ് എൻജിനിയറായും, ഇവിടെനിന്നും വാട്ടർവർക്സിലേയ്ക്കു എക്സിക്യൂട്ടീവ് എൻജിനിയറായി സ്ഥലം മാററപ്പെട്ട മി: നടരാജപിള്ളയെ തിരിച്ചിവിടുത്തേയ്ക്കും സ്ഥലം മാററിയിരിക്കുകയാണ്.

ഭക്ഷ്യാൽപ്പാദനാർത്ഥം സ്ഥാപിച്ച 28 ഇറിഗേഷൻ സെക്ഷൻ ആപ്പീസുകളിൽ 8 എണ്ണം കുറവുചെയ്തിരിക്കുന്നു. (വിളവംകോട്, ചിറയിൻകീഴ്, കർത്തികപ്പള്ളി, പത്തനംതിട്ട, ചേർത്തല, മീനച്ചൽ, കോട്ടയം.)

സൂപ്രവൈസർ മി: കെ. ഗോപാലൻനായരെ പിരിച്ചുവിട്ടതു് വ്യയനൃനീകരണത്തിനു വേണ്ടിയല്ലെന്നും, മി: നായർക്ക് സമ്മതമുള്ളപക്ഷം 100 രൂപാ ശമ്പളത്തിൽ പുതുതായി രൂപീകരിക്കുന്ന വാലിജൻവെസ്റ്റിഗേഷൻ ഡിവിഷനിൽ ഒരു വർഷം എസ്റ്റിമേറ്റിമെറുസർവയർ ആയി നിയമിക്കാൻ ചീഫ് എൻജിനിയർ ഓർഡർ കൊടുത്തിട്ടുള്ളതു് മി: നായരുടെ യോഗ്യതയെ പുരസ്കരിച്ചുള്ളതല്ലെന്നുമാണെന്ന് അറിയുന്നു.

എഡ്യൂക്കേഷൻ ഡയറക്ടർ ഡാ: കോശി ഇന്നലെ തൈക്കിട്ടു് ഇവിടെ എത്തിയിരിക്കുന്നു.

ഇവിടെ എത്തിയിരുന്ന ദേവസ്വംകമ്മീഷണർ അമ്പലപ്പുഴ ക്ഷേത്രത്തിലെ ഉത്സവം പ്രമാണിച്ച് അങ്ങോട്ടുപോയിരിക്കുന്നു.

നാവികതൊഴിലാളികളെ അറസ്റ്റുചെയ്തതിൽ പ്രതിഷേധിക്കുവാൻ കെ. എസ്. പി. യുടെ ആഭിമുഖ്യത്തിലും സഃ കൽപ്പാലകരവു് സാലിയുടെ അദ്ധ്യക്ഷതയിലും ഇന്നലെ വൈകിട്ടു തിരുനക്കരമൈതാനത്തുവച്ചു യോഗം കൂടിയിരിക്കുന്നു.

—•—

ഹിന്ദുപരിഷത്ത്

കോട്ടയം, മീനം 10

ഹിന്ദുമതപരിഷത്തു് നിർവിഘ്നം ഇന്നു നടക്കുന്നു. ഇന്നലെ ഉച്ചക്കുശേഷം വിദഗ്ദ്ധന്മാരുടെ പക്ഷവാദ്യമേളവും, ഇന്നു് അഷ്ടപദി ഗാനവുമാണു നടന്നതു്. വൈകിട്ടു 8 മണിക്കുശേഷം ശ്രീ. എൻ. എൻ. ഇളയതിന്റെ മതപ്രസംഗത്തിൽ സനാതനമതത്തിന്റെ പരമോൽകൃഷ്ടമായ നിലയെ അദ്ദേഹം വിശദീകരിക്കുകയുണ്ടായി. ഇന്നു സ്വാമി ആഗമാനന്ദന്റെ സുദീർഘപ്രസംഗത്തിൽശങ്കരമതത്തെയാണു് അദ്ദേഹം പരാമർശിച്ചതു്. ഇന്നു മലബാർ രാമൻനായരുടെ കാട്ടാളത്തമുള്ളവും നടക്കുകയുണ്ടായി. (സ്വ—ലേ)

ആൻറണി ഈഡൻ ഡൽഹിയിൽ

ന്യൂഡൽഹി, മാർച്ച് 21

യൂറോപ്പിലെ ബ്രിട്ടീഷ്, വിദേശകാര്യമന്ത്രിയായിരുന്ന മി. ആൻറണി ഈഡൻ ഇവിടെയെത്തി ഇന്ത്യാഗവൺമെന്റിന്റെ അതിഥിയായി താമസിച്ചുവരുന്ന രാജാജി മുതലായവരെ അദ്ദേഹം സന്ദർശിക്കുന്നതാണ്.

അഡ്മിറൽ നിമിററ്സ്

കാഷ്മീറിൽ പ്ലെബിസൈററ് അഡ്മിനിസ്ട്രേററരായി നിയമിക്കപ്പെട്ടു

ലേക്സക്സസ്, മാർച്ച് 22

അഡ്മിറൽ ചെസ്റ്റർവില്യം നിമിററ്സിനെ കാഷ്മീർ പ്ലെബിസൈററ് അഡ്മിനിസ്ട്രേററരായി നിയമിച്ചിരിക്കുന്നു എന്ന് ഔദ്യോഗികമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

1905-ൽ അമേരിക്കൻ നാവിക സേനയിൽ പ്രവേശിച്ച അഡ്മിറൽനിമിററ്സ് യുദ്ധകാലത്തു് പസഫിക്കിലെ സഖ്യകക്ഷി സർവ്വസൈന്യാധിപനായിരുന്നു 1945-മുതൽ അദ്ദേഹം അമേരിക്കൻ നാവിക പ്രവർത്തനങ്ങളുടെ മേധാവിയാണ്. (പി.ററി. ഐ-റോയിട്ടർ)

വിശ്വകേരളം

ആഴ്ചപ്പതിപ്പ്

മേടം ആദ്യവാരത്തിൽ കൊല്ലത്തുനിന്നും പുറപ്പെടുന്നു.

ദി കേരളാ സർവീസ് കാർപ്പറേഷൻ, ലിമിററഡിന്റെ അഭിമുഖ്യത്തിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന "വിശ്വകേരളം" ദിനപ്പത്രം മേടമാസം ആദ്യവാരത്തിൽ തൽക്കാലം ആഴ്ചപ്പതിപ്പായി കൊല്ലത്തുനിന്നും പുറപ്പെടുന്നതാണെന്നുള്ള വിവരം പൊതുജനങ്ങളെ സന്തോഷപൂർവം അറിയിച്ചുകൊള്ളുന്നു.

ഇന്നത്തെ ജനകീയയുഗത്തിൽ പൂതുമയിലേക്കു പ്രവേശിക്കുന്നുള്ള പരക്കം പാച്ചിൽ പലപ്പോഴും പിഴച്ച വഴികൾ വെട്ടിത്തുറക്കുന്നു. അതുകൊണ്ട് വായിക്കാനും, പഠിക്കാനും, ചിന്തിക്കാനും ഉതകുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങൾ അവശ്യമായി തീർന്നിരിക്കുന്ന പത്രപ്രവർത്തനത്തിൽ ബോധപൂർവം അനുക്ഷിക്കേണ്ട ആ കർത്തവ്യം വിശ്വകേരളം ആവുംവിധം നിറവേററാൻ ശ്രമിക്കുന്നതാണ്.

സാഹിത്യകുശലൻ പുത്തേഴത്തുരാമൻമേനോൻ,
കവിതിലകൻ വടക്കുംകൂർ രാജരാജവർമ്മരാജാ,
പി. അനന്തൻപിള്ള എം. എ.
പി. കെ. ശിവശങ്കരപ്പിള്ള എം. എ.
ആർ. ഗോപാലകൃഷ്ണൻനായർ ബി. എസ്. സി. ബി എൽ.
ഇങ്ങിനെയുള്ള സാഹിത്യകാരന്മാരുൾപ്പെട്ട ഒരു വിദഗ്ദ്ധ പത്രാധിപസമിതി രൂപവൽക്കരിച്ചു കഴിഞ്ഞു.

വിശദവിവരങ്ങൾ അടുത്ത പരസ്യത്തിൽ പ്രതീക്ഷിക്കുക.

മാനേജിംഗ് ഡയറക്ടർ,
ദി കേരളാസർവീസ് കാർപ്പറേഷൻ ലിമിററഡ്.,
തിരുവനന്തപുരം.

ചീഫ്സെക്രട്ടറിസ്ഥാനം നിറുത്തൽചെയ്യുന്നു

പകരം മലയാളി ഐ. സി. എസ്. കാരൻ നിയമിതനാകും

(സ്വ. ലേ) തിരുവനന്തപുരം, മീനം 9

ചീഫ് സെക്രട്ടറിയുദ്യോഗം നിറുത്തലാക്കി തൽസ്ഥാനത്തു് കേന്ദ്രഗവർണ്മെന്റിലെ സിവിൽ സർവീസിലുള്ള ഒരു സീനിയർ ഉദ്യോഗസ്ഥനെ ക്യാബിനററ് ഉദ്യോഗസ്ഥനായി നിയമിക്കുവാൻ ഇടയുള്ളതായി പറയുന്നു. മിക്കവാറും മലയാളികളിൽ ആരെങ്കിലും ആയിരിക്കുമെന്നും അറിയുന്നു.

റസിഡൻസി കാർപ്പറേഷനു വേണം

ഗവർണ്മെന്റിനോട് കൗൺസിലിന്റെ അപേക്ഷ

(സ്വ. ലേ) തിരുവനന്തപുരം, മീനം 9

കാർപ്പറേഷൻ കൗൺസിലിന്റെ ഒരു സാധാരണയോഗം ഇന്നു വൈകുന്നേരം കൂടി കാർപ്പറേഷൻ കൗൺസിലിന്റെ സ്ഥലത്തിന്റെ അസൗകര്യത്തെപ്പററി ചർച്ചചെയ്തു. റസിഡൻസിബംഗ്ലാവ് കാർപ്പറേഷൻമന്ദിരത്തിനു വിട്ടുകൊടുക്കുവാൻ ഗവണ്മെന്റിനോട് അപേക്ഷിക്കുന്നതാണെന്നറിയുന്നു.

രാജധാനി

(സ്വ-ലേ) മീനം 9

ഒളിവിൽനടന്ന ഒരു കമ്യൂണിസ്റ്റ് പ്രവർത്തകനായ സഃ കാട്ടായിക്കോണം സദാനന്ദനെ പാളയം പോലീസ് ഇൻസ്പെക്ടർ മി. വി. നാരായണപിള്ളയും, റിസർവ് പാർട്ടിയും കൂടി ഇന്നു മാസം 6-ാംതിയതി രാവിലെ നെട്ടമങ്ങാട്ടുവെച്ച് അറസ്റ്റു ചെയ്തിരിക്കുന്നു. അറസ്റ്റിനുശേഷം നെട്ടമങ്ങാട്ട് സഃ തങ്കപ്പനായരുടെ വീട്ടു പരിശോധിച്ചതിൽ സഃ പുന്നൂസിന്റെ ഒരു കത്തും ഏതാനും ലഘുലേഖകളും കണ്ടെടുത്തിട്ടുണ്ട് കമ്യൂണിസ്റ്റുകാർക്ക് ആയുധങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നു എന്ന് സംശയിച്ച കൊല്ലം കുഞ്ഞനെന്നവസതിയിൽനിന്നും നാടൻ കൈത്തോക്കിന്റെഏതാനും അവശിഷ്ടങ്ങൾ കണ്ടെടുത്തു.

അഃ തിഃ ബാങ്ക് എംപ്ലോയീസ് അസോസിയേഷന്റെ ധനശേഖരാർത്ഥം ഇന്നു മാസം 13-ാംതിയതി കൈലാസ് നടനസഭയുടെ "ജയശ്രീ" എന്ന സാമൂഹിക സംഗീതനാടകം വൈകും വുസ്സുമണി വർണ്ണയർ തും പാർട്ടിയും ചേർന്നു ജൂബിലിഹാളിൽവച്ച് അഭിനയിക്കുന്നതാണ്.

അടുത്തിടെ ശ്രീചിത്രാ ഹിന്ദുമതഗ്രന്ഥശാലയിൽവച്ച് നടന്ന ഒരു യോഗത്തിൽ ഇന്നു ഒരു മണിക്കു് ശ്രീ: വിളപ്പിൽ പത്മനാഭപിള്ള കർത്തവ്യനിഷ്ഠയോഗം, ആത്മസംയമനയോഗം എന്ന വിഷയങ്ങളെ അധികരിച്ച് ഓരോ പ്രസംഗം ചെയ്തതാണ്.

ലാൻറ് ഫുഡ് പ്രൊഡക്ഷൻഅസിസ്റ്റന്റ് പ്രൊക്യൂർമെന്റ് കമ്മീഷണർ എന്ന ഉദ്യോഗപ്പേരു് മാററി ലാൻറ് കമ്മീഷണർ എന്നാക്കിയിരിക്കുന്നു.

മദ്രാസ്സിൽവച്ചു നടത്തുന്ന വയോജന കാൺഫറൻസിൽ തിരുവിതാംകൂറിന്റെ പ്രതിനിധിയായി സംബന്ധിക്കുന്നതിന് ഗവഃ സെക്രട്ടറി മി. പി. ബാലകൃഷ്ണപിള്ളയെ നിയോഗിച്ചിരിക്കുന്നു.

അറസ്റ്റു ചെയ്ത പ്രസ്സ്തൊഴിലാളികളുടെ അനുഭാവസൂചകമായി തൊഴിലാളികൾ പണിമുടക്കുകയാൽ ഇലത്തെ ദിനപ്പത്രങ്ങൾ ഇന്നു് പുറപ്പെടുകയുണ്ടായില്ല.

അസിസ്റ്റന്റു് ഫിനാൻഷ്യൽ സെക്രട്ടറി മി: വി. എസ്. സുബ്രഹ്മണ്യത്തിന് 100 രൂപാ കൂടി അലവൻസ് അനുവദിച്ചിരിക്കുന്നു.

ഹൈഡ്രോഡേ തൊഴിലാളിയൂണിയനിലെ തൊഴിലാളികൾ കൂലി കൂട്ടുതലിനായി പണിമുടക്കുമാണിയ് കൊടുത്തിരിക്കുന്നു.

അഞ്ചൽ ഡിപ്പാർട്ടുമെന്ററിലെ ജോലിക്കൂട്ടുതലിനെ പരിഗണിച്ച് പ്രസ്തുതഡിപ്പാർട്ടുമെന്ററിൽ വ്യയനൃനീകരണപരിതിയനുസരിച്ച് സ്റ്റാഫ് കുറയ്ക്കുന്നതില്ലെന്നാണ് ഗവണ്മെന്റിന്റെ തീരുമാനമെന്നറിയുന്നു.

സി. എൻ. ചന്ദ്രശേഖരനായർ എന്ന ഒരു ടൂറിസ്റ്റ് കൺഡക്ടറെ, ഇതിനുമുമ്പ് ഒരു പണാപഹരണകേസ്സിൽ പ്രതിയായിരുന്നുവെന്നുള്ള കാരണത്താൽ പിരിച്ചുവിട്ടിരിക്കുന്നു. ഇയാളെ ഉദ്യോഗത്തിൽ പ്രവേശിപ്പിക്കുന്നതിന് ശുപാർശ ചെയ്തതു് ശ്രീ. പാണ്ഡ്യത്തു് ശങ്കരപ്പിള്ളയാണ്.

തിരുനക്കര ആറാട്ടുമഹോൽസവം

(മീനം 10-ാംതിയതി ബുധനാഴ്ച)

പ്രധാന ചടങ്ങുകൾ

1. സർക്കസ്—വൈകിട്ട് 3 മുതൽ 4 വരെ
2. നാദസ്വരം—4 മുതൽ 6 30 വരെ
തിരുവങ്കാട് സുബ്രഹ്മണ്യം ബ്രദേഴ്സ് ആൻഡ് പാർട്ടി.
3. മതപ്രസംഗങ്ങൾ—6: 30 മുതൽ 8 വരെ
(1) വിദ്വാൻ സി. ഐ. ഗോപാലപിള്ള എം. എ.
(2) കെ. പരമേശ്വരൻപിള്ള.
4. പാട്ടുകച്ചേരി—8 മുതൽ 10. 30 വരെ
രാമനാഥൻ ആൻഡ് പാർട്ടി.
5. ഹരികഥ—10: 30 മുതൽ 12 വരെ
ചേർത്തല ഭവാനിയമ്മ ആൻഡ് പാർട്ടി.
6. ആറാട്ട് എഴുന്നള്ളിപ്പ്: 12 മുതൽ 3 വരെ.
എതിരേൽപ്പിന് പഞ്ചവാദ്യം: അരയന്നൂർ ആൻഡ് അരിപ്പുറമ്പ് പാർട്ടി.
നാദസ്വരം: തിരുവങ്കാട് സുബ്രഹ്മണ്യം ബ്രദേഴ്സ് ആൻഡ് പാർട്ടി.
7. വെടിക്കെട്ട്: 3 മുതൽ 3. 30 വരെ.

രാജേന്ദ്രപ്രസാദ്

മീനം 29-ാം 30-ാം തീയതികളിൽ തിരുവിതാംകൂറിൽ പര്യടനം നടത്തും

ഗാന്ധിസ്മാരകഫണ്ടിലേയ്ക്ക് സംഭാവനചെയ്യുവാൻ അഭ്യർത്ഥന

തിരുവനന്തപുരം, മീനം 9

ഡിസ്ട്രിക്ട് കോൺഗ്രസ്സ് സെക്രട്ടറി മി: കെ. രാമകൃഷ്ണപിള്ള ഇപ്രകാരം അറിയിക്കുന്നു.

ഗാന്ധിസ്മാരക ഫണ്ടിലേയ്ക്കുള്ള സംഭാവനകൾ സ്വീകരിയ്ക്കുന്നതിന് ഡോക്ടർ രാജേന്ദ്രപ്രസാദ് മീനമാസം 29—ാം 30-ാം തിയതികളിൽ തിരുവിതാംകൂറിൽ പര്യടനം നടത്തുവാനു നിശ്ചയിച്ചിരിക്കുന്നതായി കെ. പി. സി. സി. സെക്രട്ടറിമാരറിയിക്കുന്നു മീനം29-ാം തീയതി വിമാനമാർഗ്ഗം രാജേന്ദ്രപ്രസാദും പാർട്ടിയും തിരുവനന്തപുരത്തു എത്തുന്നതും, ഉച്ചഭക്ഷണവും വിശ്രമവും കഴിഞ്ഞു് നാഗർകോവിലിലേക്കു് പോകുന്നതും, വൈകുന്നേരം 7 മണിക്കു് ഇവിടെ തിരിച്ചെത്തുന്നതുമാണ്.

30-ാം തീയതി രാവിലെ കൊല്ലംവഴി ആലപ്പുഴ എത്തി ഹോട്ടിൽ രാത്രി 7 മണിയോടുകൂടി കോട്ടയത്തു ചെന്നു ചേരുന്നതും രാത്രി അവിടെ വിശ്രമിച്ചശേഷം മേടം 1-ാം തീയതി രാവിലെ കോട്ടയത്തു നിന്നും കാർമാർഗ്ഗം എറണാകുളത്തേക്കു പോകുന്നതുമാണ്. ഭാരതത്തിന്റെ അഭിമാനപുരുഷനും, മഹാത്മാഗാന്ധിയുടെ അനുശീലനുമായ ഇദ്ദേഹത്തിന്റെ ദർശനത്തിനുള്ള സൗകര്യം കഴിയുന്നിടത്തോളം എല്ലാം ജനങ്ങൾക്കുനൽകത്തക്കവണ്ണം യാത്രാമധ്യേ സ്വീകരണത്തിന് സൗകര്യം ഉണ്ടാക്കുന്നതായിരിക്കും. ഗാന്ധിസ്മാരക ഫണ്ടിലേക്ക് അദ്ദേഹം പണങ്ങൾ സ്വീകരിക്കുന്നതാകയാൽ പണങ്ങൾ കൈവശമുള്ളവർ അവ ഇവിടെയെത്തിക്കുന്നതിനു കൊടുക്കുവാനുദ്ദേശിക്കുന്നതെന്നും ഇതു എത്രയെന്നും ഉള്ള വിവരം ഈ മാസം 20-ാംതിയതിക്കകം ഡിസ്ട്രിക്ട് കോൺഗ്രസ്സ് ആപ്പീസിൽ അറിയിക്കണം. സന്ദർശനപരിപാടിയുടെ വിശദാംശങ്ങൾ പൂർത്തിയാക്കുന്നതിന് അതിനുശേഷമെ സൗകര്യം ലഭിക്കുകയുള്ളു. കൂടാതെ ഗാന്ധിസ്മാരക പിരിവിനായി താലൂക്കുതോറും സംഘടിപ്പിച്ചിട്ടുള്ള കമ്മററികളുടെ ജോലി വിജയകരമാക്കുന്നതിന് കോൺഗ്രസ്സ് പ്രവർത്തകരും, പരേതന്മാരും കഴിവുള്ള എല്ലാ സഹായസഹകരണങ്ങളും ചെയ്യേണ്ടതാണെന്ന് അനൗസ്മരിപ്പിച്ചുകൊള്ളുന്നു. രാജേന്ദ്രബാബുവിനു സമുചിതമായ സഹകരണവും ഗാന്ധിസ്മാരകനിധിയിലേയ്ക്കു് മുക്തഹസ്തമായ സംഭാവനയും നൽകി ഗാന്ധിജിയോടുള്ള ഭക്തിവിശ്വാസാദരങ്ങളെ പ്രത്യക്ഷപ്പെടുത്തുവാൻ തിരുവിതാംകൂർ ജനതയ്ക്ക് സുലഭമായ ഒരവസരംകൂടി ഇതാ കൈവന്നിരിക്കുന്നു. (സ്വ-ലേ)

ശ്രീ. ടി. കെ. യും മററും ഡൽഹിക്ക്

തിരു: മീനം 9

പ്രധാനമന്ത്രി ശ്രീ. പറവൂർ ടി. കെ നാരായണപിള്ളയും സഹമന്ത്രിമാരായ ടി. ഇ. ജോണും, വി. ഒ. മർക്കോസും ഡിസംബർ കോ: പ്രസിഡണ്ട് ശ്രീ. സി. കേശവനും, അഡ്വക്കേറ്റ് ജനറൽ പ്രസിഡണ്ട് മി. ടി. എം. വറുഗീസും അടുത്ത ശനിയാഴ്ച വിമാനമാർഗ്ഗം ഡൽഹിക്കു പോകുന്നതാണ്,

(സ്വ-ലേ) തിരു. മീനം 9

വിചാരണയിലിരിക്കുന്നവരുടെ പ്രൊട്ടക്ഷൻ ആക്ടുകൾ ഇന്നു 21 ചക്രമായിരുന്നതു് 1 രൂ. 7 ചക്രമായി വർദ്ധിപ്പിച്ചിരിക്കുന്നതായി അറിയുന്നു.

ശക്തി, ധാതുബലം, ശരീരപുഷ്ടി ഇവയ്ക്ക് കവിരാജ് N. N. സെന്നിന്റെ
അശ്വഗന്ധാരിഷ്ടം
ഉപയോഗിക്കുക. Rs. 1. 8
കവിരാജന്റെ എല്ലാ ഔഷധങ്ങൾക്കും ആവശ്യപ്പെടുക.
എസ്. ജി. ശർമ്മാ & ബ്രദേഴ്സ്
തിരുനക്കര പെട്രോൾ പമ്പിനു സമീപം
കോട്ടയം.

വില കുറച്ചിരിക്കുന്നു, വില കുറച്ചിരിക്കുന്നു.
പുതിയ മുത്തുക്കുടകൾ
വിൽപ്പനയ്ക്ക് തയ്യാർ.
പള്ളിസാധനങ്ങൾ:— കുരിശ്, കാസ, അരുളികൾ, ധൂപക്കുററി മുതലായവ.
ക്ഷേത്രസാധനങ്ങൾ:— ആനയുടെ തലേക്കെട്ട്, ജീവിത മുതലായവ.
ഇവകൾ ഓർഡർ അനുസരിച്ച് ചെയ്തുകൊടുക്കപ്പെടും.
N. B. മേല്പറഞ്ഞ സാധനങ്ങൾ വൃത്തിയായി കേട്പാടുകൾ തീർത്തു് പ്രൊയിററുചെയ്തുകൊടുക്കുന്നതാണ്.
ഫോനോസ് ഇലക്ട്രോ പ്രൊയിററിംഗ് കമ്പനി,
പുളിക്കൂട് കവല, കോട്ടയം.

ദേശബന്ധു

1124 മീനം 10 ബുധൻ

അപകടംനിറഞ്ഞ നടപടി

മന്ത്രിമാരുടെയും, മന്ത്രിപദം വഹിപ്പവർക്കുള്ളതിനു ചേരാത്ത അവർ പുറകെ നടക്കുകയും, അവരുടെ ഇഷ്ടാർത്ഥങ്ങളെ ചൂഷണംചെയ്യുന്നതുകൊടുക്കുവാനുവേണ്ടി അവരുടെ പുറകെ കൂടുകയുംചെയ്യുന്ന ചില യുവജനങ്ങളുടെയും വിക്രിയകളും വിവിരംകെടുക്കലും ഹേതുവായിട്ട്, ജനക്ഷേമത്തിനും സേവനത്തിനുംവേണ്ടി അധികാരംകയ്യേറ്റതിനു ഭാവിക്കുന്ന നമ്മുടെ ജനകീയഗവർണ്മെന്റുകളിൽ ചിലതും ജനദ്രോഹത്തിനുള്ള ഉപകരണങ്ങളായി പരിണമിച്ചുവരുന്ന ഒരു ദുർഭാഗ്യസന്ധിയെയാണു് രാജ്യം ഇന്നു് അഭിമുഖീകരിക്കുന്നതു്. ഭരണനിർവ്വഹണപരമായ പ്രാഥമികപാഠങ്ങളിലുള്ള അജ്ഞതയും, അപ്രാപ്തിയും, വ്യക്തികളുടെയും ഗൂപ്പുകളുടെയും സ്വകാര്യതാൽപ്പര്യങ്ങൾക്കുവേണ്ടി രാജ്യത്തിന്റെയും ജനങ്ങളുടെയും ഉത്തമതാൽപ്പര്യങ്ങളെ ബലികഴിക്കാനുള്ള ക്രൂരവിമുഖ്യവും നമ്മുടെ "ജനകീയ"ത്തിന്റെ ഒരു പ്രത്യേകലക്ഷണമായി തീർന്നിരിക്കുകയാണു്. ഇതിൻ്റെയെല്ലാം ഫലമായി അനാശാസ്യമായതിന്റെയും അശക്തമായതിന്റെയും സന്താനമായ വിവിധ ഇനം അഴിമതികൾ ജനസാമാന്യത്തിന്റെ ശിരോരേഖിതമായിത്തീർത്തിരിക്കുന്നു.

ജനകീയത്തിന്റെ ഈ ഭയനീയപരാജയത്തിനു് ഒരു പ്രധാനഹേതു നീതിന്യായപൂർവ്വമായ വിധം ജനസേവനം നിർവ്വഹിക്കുവാനുള്ള ഉദ്യോഗസ്ഥവർഗ്ഗത്തിനു് ഇന്നത്തെ വ്യവസ്ഥിതിയിൽ സാദ്ധ്യമല്ലാതെ വന്നതാണു്. ഏതാണ്ടു ഭൂരിപക്ഷസമ്പ്രദായത്തിന്റെയും വിജയാപജയങ്ങളെ യഥാർത്ഥത്തിൽ നിർണ്ണയിക്കുന്നതും പ്രതിനിധീകരിക്കുന്നതും പ്രായേണ ഉദ്യോഗസ്ഥരോടാകുന്നു്. ജനസാമാന്യവുമായി നേരിട്ടു ഇടപെടുന്നതും, ജനങ്ങൾക്കു ഇടപെടേണ്ടതുമായ ഉദ്യോഗസ്ഥലോകത്തിനു മാതൃകാപരമായ കർത്തവ്യനിർവ്വഹണത്തിനു പ്രതിബന്ധമുണ്ടാകുന്നപക്ഷം, അതിന്റെ ഭവിഷ്യങ്ങൾ മുഴുവനും അനുഭവിക്കുന്നതു് പടിഞ്ഞിപ്പുറങ്ങളിൽപ്പെടെയുള്ള ജനവിഭാഗങ്ങളാണു്. പക്ഷ "ഡിസ്ട്രിക്ട്"സർവ്വീസിന്റെ ഗുണമഹനീയസ്വഭാവം നല്ല ഗവണ്മെന്റുകളെല്ലാം അംഗീകരിച്ചിട്ടുള്ളതാണു്. നേതാക്കന്മാരുടെയും, നേതൃമന്യന്മാരുടെയും, സ്വാർത്ഥോച്ചക്രികളുടെയും ആക്ഷേപങ്ങളിലും, ആക്രമണങ്ങളിലും നിന്നും വിമുക്തരായി, ന്യായമായ ആത്മരക്ഷാബോധത്തോടും കർത്തവ്യനിഷ്ഠയോടും കൂടെ ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കുന്നതിനു പര്യാപ്തമായ സാഹചര്യങ്ങളുടെ അത്യാവശ്യകതയെപ്പററി ഈയിടെ ചോദ്യം സർക്കാർപക്ഷത്തിൽ ഡോക്ടർ മിനിയത്ത് പാർലമെന്റിൽ പ്രസ്താവിക്കുകയുണ്ടായി.

ഉദ്യോഗസ്ഥാഴിമതികളുടെ ഗുഹപ്പിഴകൾ നാളുകൾതോറും അനുഭവമായി തീരത്തക്കവണ്ണം മന്ത്രിമാരുടെ "തനതാളുകൾ" എന്ന ഭാവിക്കുന്നവരും, ആ ഭാവനയ്ക്കു് മന്ത്രിമാർ തന്നെ അവസരം നൽകുന്നവരുമായ കുറെ സ്വാർത്ഥദുർമ്മോഹികൾ ഡിസ്ട്രിക്ട് ആഫീസറന്മാരുടെ ഭരണനിർവ്വഹണത്തിൽ കയ്യേറ്റങ്ങൾ നടത്തുന്നതിനെ ആക്ഷേപിച്ചു് നിയമസഭാഗോപുരത്തിൽ വച്ചു് ചില മെമ്പറന്മാർ ശക്തിയായി ആക്ഷേപിച്ചിരിക്കുന്നു. "ചിലരൊക്കെ മന്ത്രിമാരുടെ തനതാളുകളാണെന്നും, അതിനാൽ ഡിസ്ട്രിക്ട്ആഫീസറന്മാർ ഇവരുമായി അടുത്തിടപഴകിയും ഇവരുടെ ഉപദേശം നേടിയും കാര്യങ്ങൾ നടത്തുന്നതു് നന്നായിരിക്കുമെന്നും ഒരു ധാരണ ജനസർക്കിളുകൾക്കിടയിൽ മന്ത്രിമാർജനിപ്പിക്കുന്നു"തിന്റെ ഫലമായി "അനുദ്യോഗസ്ഥന്മാർ അനാശാസ്യമായ സ്വാധീനശക്തി" ഈ ഉദ്യോഗസ്ഥന്മാരുടെ മേൽ പ്രയോഗിച്ചു് പലതരം അഴിമതികൾ പ്രവർത്തിപ്പിക്കുകയോ ഈ മെമ്പറന്മാർ ചൂണ്ടിക്കാട്ടിയിരിക്കുന്ന മന്ത്രിമാരുടെ ഗവർണ്മെന്റിനെയോ—അതിനുകഴിയും വമ്പിച്ചപ്രകാരം ഈ പോരായ്മകൾക്കു ഹേതുവായി "ഡിസ്ട്രിക്ട്"കളിൽ നിയമസഭാധ്യക്ഷൻ ചുമതലക്കാരായ" ഈ ഉദ്യോഗസ്ഥന്മാരെപ്പററി ജനങ്ങൾക്കു ബഹുമതി അശേഷം ഇല്ലാതായിട്ടുണ്ടെന്നും ഈ മെമ്പറന്മാർ വിശദീകരിക്കുകയുണ്ടായി.

മദ്രാസ് മന്ത്രിമന്ദിരപ്പററി ചെയ്യപ്പെട്ടിട്ടുള്ള ഈ ആക്ഷേപത്തിൽനിന്നു്— ഗൌരവമേറിയ ആരോപണങ്ങളിൽ നിന്നു്— നമ്മുടെ മന്ത്രിമാരും, അവരുടെ തനതാളുകളാണെന്നു അവകാശപ്പെടുന്നവരും മുക്തന്മാരാണോ എന്നു ചോദിച്ചാൽ, അതിനുള്ള ഉത്തരം എല്ലാവരും അറിയാവുന്നതുമാണു്. ആ ഉത്തരത്തെയുമാകട്ടെ, അന്യായമായ പ്രേരണകളെയും ഇടപെടലുകളെയും അവഗണിച്ചുകൊണ്ടും, തങ്ങളുടെ വിവേചനാശക്തിയോടും മനഃസാക്ഷിയോടുമെന്നുള്ളപോലെ ഗവർണ്മെന്റിനോടും മാത്രം ഉത്തരവാദിത്വമുള്ളവരാകുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനും, ആത്മാഭിമാനം കൂടാതെ ഉദ്യോഗസ്ഥവർഗ്ഗത്തിനാകമാനം കഴിവുണ്ടായിരിക്കേണ്ടതാണു്. ഇവിടെ മന്ത്രിമാർ ധാരാളമായി സർക്കുകൾ നടത്തുന്നുണ്ടു്. ഈ സർക്കുകളിൽ "ഇഷ്ട"മന്ത്രിമാർ തങ്ങളുടെ തനതാളുകളാണെന്നു് ഒരു ബോധ്യം ജനിപ്പിച്ചുവാനായി "മിടുക്കന്മാരായ" ചിലരെ നിയ്ക്കുന്നു യത്നം സാധിക്കുന്നുണ്ടു്. ഈ "മിടുക്കന്മാർ" തങ്ങളുടെ തനതാളുകളാണെന്നും, അവരുടെ ഹിതാനുവർത്തനം ഉദ്യോഗസ്ഥന്മാരുടെ ഒരു കർത്തവ്യമാണെന്നും ഉള്ള ധാരണ മന്ത്രിമാർ അറിഞ്ഞുകൊണ്ടു പരത്തുന്നില്ലെങ്കിൽ തന്നെയും ഫലത്തിൽ മദ്രാസ്" എം. എൽ. എ. കൾ പരാതിപ്പെട്ട അനുഭവം ഇവിടെ ദുർല്ലഭമല്ല: പോലീസ്", റവന്യൂ വകുപ്പ്" എന്നീ വകുപ്പുകളിൽ വിശേഷിച്ചും, ഈ "തനതാളു"കളുടെ ശല്യങ്ങളും ചൂഷണങ്ങളും സ്വാധീനശക്തിയില്ലാത്ത വിഭാഗങ്ങൾക്കു അപരിഹാരമായും വണ്ണം പലപ്പോഴും പ്രത്യക്ഷപ്പെടാറുണ്ടു്.

ഉദ്യോഗനിയമനം, പ്രമോഷൻ, പിരിച്ചയയ്ക്കൽ തുടങ്ങിയ കാര്യങ്ങളിൽ ഈയിടെ പലപ്പോഴും അനുവർത്തിതമായിട്ടുള്ള നയസംപ്രദായങ്ങളും, ഇവയ്ക്കു പ്രേരകങ്ങളെന്നു അശങ്കിക്കപ്പെടുന്ന പ്രേരണകളുടെയും പരിണാമനകളുടെയും സ്വഭാവവും ഹേതുവായിട്ടു് നമ്മുടെ ഉദ്യോഗസ്ഥവർഗ്ഗത്തിനു് ആത്മരക്ഷാബോധം നഷ്ടപ്പെട്ടു വരികയാണു്. വലിയ ഗൃഹപ്രമുഖകളെന്നോ കൂടാതെ എങ്ങനെയെങ്കിലും ദിവസങ്ങൾ തള്ളിക്കൊണ്ടുപോയി പെൻഷൻ പററിയാൽമതി എന്നു്, തീരെ അന്യായമല്ലാത്ത ഒരു തോന്നലിനു് അവരിൽ നല്ലൊരു വിഭാഗം വിധേയരായിക്കഴിഞ്ഞിരിക്കുകയാണു്.

മന്ത്രിസഭയിൽനിന്നു പിരിഞ്ഞതിന്റെ ശേഷം, കിരാതനായ സർ സി. പി—യുടെ ഉദ്യോഗസ്ഥന്മാരെന്നും, അവരിൽ ചിലരുടെ ഹിംസയെന്നും, സെക്രട്ടേറിയററ് പരിഷ്കരണമെന്നും ഒക്കെ പബ്ളിക്സർവ്വീസിനെപ്പററി തമ്മിതാനപ്രക്ഷോഭണങ്ങളിൽ ആവേശം കൊണ്ടുപോരുന്ന ഇപ്പോഴത്തെ ഡിസ്ട്രിക്ട് ക്ലോണഗ്രസ്സ് കമ്മററി പ്രസിഡണ്ടു് പ്രതിനിധീകരിക്കുന്ന ആ നയം, സർ രാജഗോപാലാചാരി തെല്ലെങ്കിലും ബുദ്ധിമുട്ടുള്ള ഒരു ഗവണ്മെന്റിനും അനുകരണീയമായി കൂടാത്തതാണു്. രാഷ്ട്രീയകക്ഷികളുടെയും, ഗൂപ്പുകളുടെയും, ചരടുപിടിത്തക്കാരുടെയും തോന്ന്യാസങ്ങളെ തെല്ലും ഭയപ്പെടേണ്ടതായിട്ടില്ലാത്ത സാഹചര്യങ്ങളിൽ മാത്രമെ ഉദ്യോഗസ്ഥന്മാർക്കു ഇടിഞ്ഞിട്ടി പരിഗണനാഭേദമെന്യേ കർത്തവ്യനിർവ്വഹണം— പ്രതീക്ഷിക്കേണ്ടതുതന്നെയുള്ളു; അവകാശപ്പെടുന്ന നിവൃത്തിയെയുള്ളു.

അന്യായമായ സകല പ്രേരണകളെയും, ഇടപെടലുകളെയും, ഭയപ്പെടാതെ, ഭരണഘടനയ്ക്കു വിധേയമായ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനുള്ള ഉദ്യോഗസ്ഥന്മാരുടെ ആത്മധൈര്യം ഇന്നു് ഏതു കോൺഗ്രസ്സിനു സ്വാധീനശക്തിയുണ്ടെന്നതു സംശയാതീതമാണു്; അതിനുള്ള ഒരു കാരണം സ്വാതന്ത്ര്യത്തിനുവേണ്ടി കോൺഗ്രസ്സു ചെയ്ത വമ്പിച്ച സേവനം ആരും മറന്നിട്ടില്ലെന്നുള്ളതാണു്. മററൊരു കാരണം സ്വീകാര്യമായ മറെറാരു കക്ഷി മുന്നോട്ടുവരാത്തതും. പക്ഷെ, ഗവണ്മെന്റിനെന്തു ഇന്നത്തെ മട്ടനുരീതിയിൽ സംസ്കാരത്തിലുള്ളവരെല്ലാം സ്വതന്ത്രരാണെന്നു മന്ത്രിസഭ വിശ്വസിക്കുകയാണെങ്കിൽ അതു വല്ലാത്തൊരു തെററിദ്ധാരണയാവുമെന്നു ഫിനു, ചൂണ്ടിക്കാണിക്കുന്നു.

മന്ത്രിസഭയുടെ നയതന്ത്രകുശലതയെ പരുക്കിനിമയിത്തക്ഷേപിച്ചു. മദ്യനിരോധനം നടപ്പിലാക്കിയതുകൊണ്ടു പോലീസ് നിരോധനവകുപ്പുകളുടെ ചെലവു ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. എന്നിട്ടും കുററങ്ങൾ കൂടിവരികയാണു്. മന്ത്രിമാരുടെ ഭൂരിപക്ഷം തീർക്കാൻ മന്ത്രിസഭ ഏപ്പോഴും വിഷമമായി കണ്ടുശീലിക്കുന്ന പരിക്ഷണങ്ങൾ നടത്തിവരുന്നു. റോഡ് ഗതാഗതം ദേശസാൽക്കരിക്കുന്നതിനു ഒരിക്കലുണ്ടായ ചൂടുപിടിച്ച പരിശ്രമം, പക്ഷെ മദിരാശി നഗരത്തിലെ ഒരു ചെറിയ പരീക്ഷണം കൊണ്ടുതന്നെ ഇതുത്തരവേശം കെട്ടടങ്ങി. സെമിനാരി നിയമനിർമ്മാണം പാഴായക്കാതിരുന്നു മാററി മറിച്ചു; തൽസ്ഥാനത്തു പ്രവർത്തനക്ഷമമായ മറെറാരു സമ്പ്രദായം ഏർപ്പെടുത്തിയതുമില്ല. ഇതെല്ലാം കണ്ടിട്ടും, ഫിനു, ധർമ്മസ്ഥാപനങ്ങളെ സംസ്കാരനീകരിക്കുന്നതു് തന്റെ ജീവിതോദ്ദേശമായിട്ടാണു് പ്രധാനമന്ത്രി ഗണിക്കുന്നതു്.

ഇങ്ങനെ ചില്ലറ പരിഷ്കാരങ്ങൾക്കും നിസ്സാരകാര്യങ്ങൾക്കും വേണ്ടി പണം മുടക്കിയോ ഗതപ്പെടുത്തുമ്പോൾ ജനങ്ങളുടെ കഷ്ടസ്ഥിതിക്കു് മൂർച്ചകൂടിവരുന്നു. ഭക്ഷണം, വസ്ത്രം, വാസസ്ഥലം ഈ അടിസ്ഥാന ആവശ്യങ്ങൾ നിറവേററാനുള്ള നിർമ്മാണപരവും ഏകാഗ്രവുമായ ഒരു നയം ഗവണ്മെന്റു സ്വീകരിച്ചിട്ടില്ല.

കൊള്ളരുതാത്ത മന്ത്രിസഭ

ബുദ്ധിശൂന്യമായ പരീക്ഷണങ്ങൾ മുഖേന രാജ്യത്തിനു ശല്യമുണ്ടാക്കുന്നു—മദ്യനിരോധനത്തെ തുടർന്നു പോലീസ് ചെലവ് വർദ്ധിച്ചു —പക്ഷെ കുററങ്ങൾ കൂടുകയാണു് — റോഡ് ട്രാൻസ്പോർട്ടു ദേശീയമാക്കാൻ ചൂടുപിടിച്ച ഒരു ശ്രമം നടത്തി—ഭൂദാനപ്രസ്ഥാനത്തിന്റെ മദ്രാസ്നഗരത്തിലെ ചെറിയ ഒരു പരീക്ഷണംകൊണ്ടു് ആ ആവേശം നിലച്ചു—പാർട്ടി അച്ചടക്കത്തെപ്പററിയുള്ള തെററിദ്ധാരണമൂലം മന്ത്രിസഭയുടെ ഈ കൊള്ളരുതായ്മകൾ നിയമസഭയിൽ ചർച്ചാവിഷയമാകുന്നില്ല

ചുരുക്കം ചില കോൺഗ്രസ്സു നിയമസഭാംഗങ്ങൾ ഗവണ്മെന്റിന്റെ അല്പത്വത്തെക്കുറിച്ചും ഭരണവൈകല്യത്തെക്കുറിച്ചും ബഡ്ജററുവിഷയത്തിലുള്ള അതിനിയമിതമായ ആക്ഷേപം പുറപ്പെടുവിക്കുകയുണ്ടായി. പക്ഷെ, പാർട്ടി അച്ചടക്കത്തെപ്പററിയുള്ള തെററിദ്ധാരണകൾ മൂലം പുറമെയുള്ളവർക്കു ഇതിനെപ്പററി പറയാനുള്ളതിന്റെ ഒരു ചെറിയഭാഗത്തിൽ കൂടുതലൊന്നും നിയമസഭയിലെത്തുന്നില്ലെന്നു് "ഹിന്ദു" "പരാജയത്തിന്റെ പട്ടിക" എന്ന തലക്കെട്ടിൽ എഴുതിയ ഒരു മുഖപ്രസംഗത്തിൽ പറയുന്നു. സഹജനങ്ങൾക്കിടയിൽ ഇന്നും കോൺഗ്രസ്സിനു സ്വാധീനശക്തിയുണ്ടെന്നതു സംശയാതീതമാണു്; അതിനുള്ള ഒരു കാരണം സ്വാതന്ത്ര്യത്തിനുവേണ്ടി കോൺഗ്രസ്സു ചെയ്ത വമ്പിച്ച സേവനം ആരും മറന്നിട്ടില്ലെന്നുള്ളതാണു്. മറെറാരു കാരണം സ്വീകാര്യമായ മറെറാരു കക്ഷി മുന്നോട്ടുവരാത്തതും. പക്ഷെ, ഗവണ്മെന്റിന്റെ ഇന്നത്തെ മട്ടനുരീതിയിൽ സംസ്കാരത്തിലുള്ളവരെല്ലാം സ്വതന്ത്രരാണെന്നു മന്ത്രിസഭ വിശ്വസിക്കുകയാണെങ്കിൽ അതു വല്ലാത്തൊരു തെററിദ്ധാരണയാവുമെന്നു ഫിനു, ചൂണ്ടിക്കാണിക്കുന്നു.

മന്ത്രിസഭയുടെ നയതന്ത്രകുശലതയെ പരുക്കിനിമയിത്തക്ഷേപിച്ചു. മദ്യനിരോധനം നടപ്പിലാക്കിയതുകൊണ്ടു പോലീസ് നിരോധനവകുപ്പുകളുടെ ചെലവു ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. എന്നിട്ടും കുററങ്ങൾ കൂടിവരികയാണു്. മന്ത്രിമാരുടെ ഭൂരിപക്ഷം തീർക്കാൻ മന്ത്രിസഭ ഏപ്പോഴും വിഷമമായി കണ്ടുശീലിക്കുന്ന പരീക്ഷണങ്ങൾ നടത്തിവരുന്നു. റോഡ് ഗതാഗതം ദേശസാൽക്കരിക്കുന്നതിനു ഒരിക്കലുണ്ടായ ചൂടുപിടിച്ച പരിശ്രമം, പക്ഷെ മദിരാശി നഗരത്തിലെ ഒരു ചെറിയ പരീക്ഷണം കൊണ്ടുതന്നെ ഇതുത്തരവേശം കെട്ടടങ്ങി. സെമിനാരി നിയമനിർമ്മാണം പാഴായക്കാതിരുന്നു മാററി മറിച്ചു; തൽസ്ഥാനത്തു പ്രവർത്തനക്ഷമമായ മറെറാരു സമ്പ്രദായം ഏർപ്പെടുത്തിയതുമില്ല. ഇതെല്ലാം കണ്ടിട്ടും, ഫിനു, ധർമ്മസ്ഥാപനങ്ങളെ സംസ്കാരനീകരിക്കുന്നതു് തന്റെ ജീവിതോദ്ദേശമായിട്ടാണു് പ്രധാനമന്ത്രി ഗണിക്കുന്നതു്.

ഇങ്ങനെ ചില്ലറ പരിഷ്കാരങ്ങൾക്കും നിസ്സാരകാര്യങ്ങൾക്കും വേണ്ടി പണം മുടക്കിയോ ഗതപ്പെടുത്തുമ്പോൾ ജനങ്ങളുടെ കഷ്ടസ്ഥിതിക്കു് മൂർച്ചകൂടിവരുന്നു. ഭക്ഷണം, വസ്ത്രം, വാസസ്ഥലം ഈ അടിസ്ഥാന ആവശ്യങ്ങൾ നിറവേററാനുള്ള നിർമ്മാണപരവും ഏകാഗ്രവുമായ ഒരു നയം ഗവണ്മെന്റു സ്വീകരിച്ചിട്ടില്ല.

തലസ്ഥാനത്തർക്കം

തിരുവിതാംകൂർ-കൊച്ചി യൂണിയന്റെ തലസ്ഥാനം തിരുവനന്തപുരമായിക്കൂടാ എന്നു കൊച്ചി പ്രതിനിധികൾ—കൊച്ചിക്കു് പ്രത്യേക സംരക്ഷണങ്ങളും വേണമെന്നു് — യൂണിയനിലെ വകുപ്പദ്ധ്യക്ഷന്മാരിൽ മൂന്നിലൊന്നു കൊച്ചിക്കാരായിരിക്കണമത്രെ—കൊച്ചിയിലെ ആളിംഗ്രീകാരെയെല്ലാം സ്ഥിരപ്പെടുത്തണം—കൊച്ചിമഹാരാജാവ് ഡൽഹിക്കു്—

മാർച്ച് 28 മുതൽ ഏപ്രിൽ 2 വരെ ഡൽഹി കോൺഫറൻസ്

(പ്ര—ലേ)

ഏറണാകുളം, മീനം 8

കൊച്ചി കേന്ദ്ര കമ്മിററിയുടെയും പാർലമെന്ററി ബോർഡിന്റേയും ഒരു യോഗം ഇന്നു് മി. നീലകണ്ഠയ്യരുടെ അദ്ധ്യക്ഷതയിൽ, പ്രധാനമന്ത്രി മി. ഇക്കണ്ടവാര്യരുടെ ഔദ്യോഗികവസതിയിൽ സമ്മേളിച്ചു് ഡൽഹി സമ്മേളനത്തിൽ മന്ത്രിമാർ അവലംബിക്കേണ്ട നിലയെപ്പററി ചർച്ച ചെയ്തുകയുണ്ടായി.

തിരുവനന്തപുരം പാടില്ലത്രെ

ഡൽഹി സമ്മേളനനയത്തെപ്പററിയുള്ള ചർച്ചകൾക്കുശേഷം തലസ്ഥാനനഗരിയുടെ കാര്യം ഉന്നയിച്ചു. ഏറണാകുളമോ ആലുവായോ തലസ്ഥാനമാക്കണമെന്ന അംഗങ്ങളിൽ പലരും വാദിച്ചു. അതിനുള്ള പ്രായോഗികസൌകര്യങ്ങളെ മന്ത്രിമാർ ചൂണ്ടിക്കാണിച്ചു. ആലുവായിലോ ഏറണാകുളത്തോ ഇതിലേയ്ക്കു വേണ്ടത്ര കെട്ടിടങ്ങളില്ലെന്നും പുതിയ കെട്ടിടങ്ങളുണ്ടാക്കാനാണെങ്കിൽ പലലക്ഷം രൂപാ മുടക്കേണ്ടിവരുമെന്നും അതിനാൽ തൽക്കാലം തലസ്ഥാനം തിരുവനന്തപുരത്തുകൂടെയാണു് പ്രായോഗികമെന്നും മന്ത്രിമാർ അഭിപ്രായപ്പെട്ടു. മന്ത്രിമാർ ഏതായാലും തലസ്ഥാനമാററത്തിനായി വാദിച്ചു. ഐക്യകേരള തലസ്ഥാനം ഏറണാകുളമോ ആലുവായോ ആക്കണമെന്ന ഒരഭിപ്രായമാണെന്നു മെമ്പറന്മാർ നിർദ്ദേശിച്ചു.

മൂന്നിലൊന്നുദ്യോഗം കൊച്ചിയ്ക്കെന്നു്

കേരളയൂണിയനിലെ വകുപ്പദ്ധ്യക്ഷന്മാരിൽ മൂന്നിലൊന്നു കൊച്ചിക്കാരായിരിക്കണം, സ്ഥിരം മാവേലിക്കരയിലെ ആളിംഗ്രീകാരെയെല്ലാം സ്ഥിരപ്പെടുത്തണം, ഉദ്യോഗസ്ഥന്മാരെ കരുവു ചെയ്യേണ്ടിവരുമ്പോൾ അനുപാതമനുസരിച്ചു മാത്രമേ കുറവു ചെയ്യാവൂ—ഇവയാണു് മന്ത്രിമാർക്കു നൽകിയ നിർദ്ദേശങ്ങൾ.

സംയോജനം നടന്നാലും

സംയോജനം നടന്നാലും കൊച്ചിയുടെ പ്രത്യേക താൽപ്പര്യങ്ങൾക്കു ഇന്നത്തേതിൽനിന്നു കുറവൊന്നും വരുത്തിക്കൂത്തക്കവണ്ണം കമ്പനൻറിൽ വ്യവസ്ഥ ചെയ്യണമെന്നും യോഗം നിർദ്ദേശിച്ചതായറിയുന്നു.

കൊച്ചി ര്ജാവ് ഡെൽഹിയ്ക്കു്

മഹാരാജാവിന്റെ പ്രിവി കൌൺസിൽ, രാജകുടുംബാംഗങ്ങളുടെ അഡ്വൈസർ തുടങ്ങിയ കാര്യങ്ങളെപ്പററി പല കേന്ദ്രങ്ങളിലും ഒരു ആശങ്ക ഉളവായി കാണുന്നു. ഈ പശ്ചാത്തലത്തിൽ, അടുത്തുതന്നെ കൊച്ചി രാജാവ് ഡൽഹി സന്ദർശിക്കുന്നതാണെന്നുള്ള വാർത്തയ്ക്കു് പ്രാധാന്യം നൽകപ്പെടുന്നു.

ഡെൽഹി കൊൺഫറൻസിൽ തിരുവിതാംകൂർ പ്രതിനിധികൾ

തിരുവിതാംകൂർ ഗവണ്മെന്റും കേന്ദ്രഗവണ്മെന്റും തമ്മിലുള്ള ധനപരമായ ബന്ധത്തെപ്പററി ആലോചിച്ചു അവസാനതീരുമാനം കൈക്കൊള്ളുവാനായി മാർച്ച് 28-ാംതിയതി ഡൽഹിയിൽവച്ചു് തിരുവിതാംകൂർ രാജ്യപ്രതിനിധികൾ കൃഷ്ണസ്വാമി കമ്മററി അംഗങ്ങളുമായി ഒരു കോൺഫറൻസ് നടക്കുന്നതാണു്. ഗവർണ്മെന്റിനു വേണ്ടി പ്രധാനമന്ത്രിയും, ധനകാര്യമന്ത്രിയും, ഫിനാൻഷ്യൽ സെക്രട്ടറി, അക്കൗണ്ടന്റ് ജനറൽ, അററോർണി ജനറൽ എന്നിവരും പ്രസ്തുത കോൺഫറൻസിൽ സംബന്ധിക്കുന്നതാണു്. ഇതേത്തുടർന്നു് മാർച്ച് 30-ാംതിയതി തിരുവിതാംകൂർ—കൊച്ചി സംയോജനകാര്യം സംബന്ധിച്ചുള്ള നാലുദിവസത്തെ കോൺഫറൻസും നടക്കുന്നതാണു്. ധനകാര്യചർച്ച 28—ാംതിയതി ആരംഭിക്കുന്നതിനാൽ ബഹു: പ്രധാനമന്ത്രിയും, ബഹു: ധനകാര്യമന്ത്രിയും അടുത്ത ശനിയാഴ്ച ഇവിടെ നിന്നു ഡെൽഹിയ്ക്കു പുറപ്പെടുമെന്നാണു് ഇപ്പോൾ അറിവായിരിക്കുന്നതു്.

പ്രതിയുടെ കുററത്തെപ്പററി പൂർണ്ണബോദ്ധ്യം

അന്വേഷണഫലമായി ഈ ബോദ്ധ്യമുണ്ടായതിന്റെശേഷമാണു് ചാർജ്ജ് ഹാജരാക്കിയതു -കുളത്തുപ്പുഴകേസ്സിൽ

എ. എസ്. പിയുടെ മൊഴി

(സ്വ—ലേ) കൊല്ലം, മീനം 8

കുളത്തുപ്പുഴ സംഭവം സംബന്ധിച്ചു നിലവിലിരിക്കുന്ന കേസ്സിൽ ഇന്നു് എ. എസ്. പി. മി: ഗോപാലമേനോൻ വിസ്തരിക്കപ്പെടുകയുണ്ടായി. വാദിഭാഗത്തുനിന്നു നടത്തിയ വിസ്താരത്തിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചിരുന്നു. ഈ കേസ്സിലെ ചാർജ്ജ് ഷീററിൽ ഞാൻ കൗണ്ടർസൈൻ ചെയ്തിട്ടുണ്ടു്. മിസ്സ് ശർമ്മയുടെ മൊഴി രേഖപ്പെടുത്തിയ ശേഷം അവരുടെ ദേഹത്തെ മുറിവുകൾ നോക്കി മഹസ്സർ എഴുതിയശേഷം ഡോക്ടർകൊടുത്തു ചെക്കേടു അനുപത്രികയച്ചിരുന്നു. ഈ കേസ്സിലെ സാക്ഷികളായ കൃഷ്ണൻനായർ, അയ്യപ്പൻപിള്ള ഇവരെയും മിസ്സ് ശർമ്മയുടെ കൂടെയുണ്ടായിരുന്ന അവരുടെ വേലക്കാരൻ ഗംഗാഎന്നയാളിനേയും ഞാൻകണ്ടു. ഈ സംഭവത്തെപ്പററി ചോദിച്ചു. മേലധികാരിക്കു് ഞാൻ കോടതിയിൽ കേസ്സ് ചാർജ്ജ് ചെയ്തതാണു്. എനിക്കു് ഇങ്ങനെയുള്ള കൊല്ലം സർവ്വീസുണ്ടു്.

അനന്തരം നടന്ന ക്രാസ്സിൽ ഏ. എസ്. പി. ഇപ്രകാരം പ്രസ്താവിച്ചു:—പ്രതിയെ അറസ്റ്റു ചെയ്തവനു കൊല്ലത്തുവച്ചാണു അറിഞ്ഞതു്. അതു് 20—ാംനു-ആയിരുന്നു. ഞാനറിഞ്ഞതു് ഡി. എസ്. പി. മി. ഉസ്മാൻ ഫോൺ ചെയ്തു പറഞ്ഞാണു്. 20—ാംനു-അറസ്റ്റു ചെയ്തുവെന്നു് 19—ാംനു-തന്നെ ചെക്കേടുവച്ചറിഞ്ഞു. 18—ാംനു-ഞാൻ കുളത്തുപ്പുഴ ററി. ബിയിൽ പോയിരുന്നു. അപ്പോൾ പ്രതി അവിടെ ഉണ്ടായിരുന്നോ എന്നു് ഓർക്കുന്നില്ല. ററി. ബി. വാച്ചറെ കണ്ടു ചോദിച്ചുവെന്നു ബോധിപ്പിച്ചതു് 15—ാംനു-യാണു്. 17—ാംനു-യാണു് സാക്ഷി അയ്യപ്പൻപിള്ളയെ കണ്ടു ചോദിച്ചതു്. രണ്ടും കുളത്തുപ്പുഴ ററി. ബിയിൽ വച്ചായിരുന്നു. ഈ കേസ്സിൽ ഇൻസ്പെക്ടർ അന്വേഷിച്ചതിന്റെകൂടെ ഞാനും കൂടി അന്വേഷിച്ചു: 12—ാംസാക്ഷി മിസ്സ് ശർമ്മയെ ഞാൻ കുളത്തുപ്പുഴ ററി. ബിയിൽവച്ചു 15—ാംനു-കണ്ടുചോദിച്ചു. അപ്പോൾ അവിടെ ഡോ: ചാററർജിയും എക്സിക്യൂട്ടീവ് എഞ്ചിനീയരും ഉണ്ടായിരുന്നു. അപ്പോൾ ഉദ്ദേശം 12 മണിയാകും. അങ്ങിനെ ഞാൻ ചോദിക്കുമ്പോൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡോ: ചാററർജി ഇരുവരും പേർ കൂടെയുണ്ടായിരുന്നു. ഞാൻ ചോദിച്ചപ്പോൾ ഇൻസ്പെക്ടരെ വിളിച്ചു അവരുടെ മൊഴി രേഖപ്പെടുത്തുവാൻ ഏർപ്പാടുചെയ്തു. പോലീസ് ഇൻസ്പെക്ടരെയും പുനർവ്വചനം ചെയ്തു. ഈ കേസിലെ സംഭവം സംബന്ധിച്ചു ഞാൻ ഡോ: ചാററർജിയോടും ചോദിച്ചു.

ഈ കേസ്സിലെ 2-ാം16-ാംസാക്ഷികളായ കുഞ്ഞികാദറെ അറിയാം. അവർ 15-ാംതിയതിക്കു ശേഷം കുളത്തുപ്പുഴ ററി. ബിയിലുണ്ടായിരുന്നതായി അറിഞ്ഞുകൂടാ. മൊഴി വാങ്ങിച്ചതിനുശേഷം കണ്ടില്ല. 14-ാംനു-മിസ്സ് ശർമ്മ തിരുവനന്തപുരത്തുണ്ടായിരുന്നതായറിയാം. 15-ാംതിയതി വൈകിട്ടു നാലരമണിയോടുകൂടി കുളത്തുപ്പുഴയും, തെന്മലയും ഉള്ള റേഞ്ചിങ്ങ്ഫോറസ്റ്റന്മാർ ഈ അന്യപ്രാദേശികജിസ്സ്പാർട്ടിക്കു ററി. ബിയിൽവച്ചു ഒരു പാർട്ടി നടത്തി. അതിൽ ഞങ്ങളും പങ്കുകൊണ്ടു. ആറുമണിക്കു് ഞാൻ നാലരമണിക്കാണെന്നു വേണം ധരിക്കാനു്. പാർട്ടി പത്തു മണിവരെ നീണ്ടുനിന്നു.

ഈ മൊഴി രേഖപ്പെടുത്തുന്നതിനിടയിൽ ഞാൻ 12-ാംസാക്ഷിയായ മിസ്സ് ശർമ്മയോടു് ഒന്നും ചോദിച്ചില്ല ഞാനു കേട്ടുകൊണ്ടിരിക്കുകയായിരുന്നു. 12-ാം സാക്ഷി 15-ാംനു-പത്തു മണിയോടുകൂടിയാണു് തിരുവനന്തപുരത്തുനിന്നും മടങ്ങിയെത്തിയതു്. മിസ്സ് ശർമ്മയുടെ മുറിയുടെ ജന്നലിന്റെ വെളിവശം ഭിത്തിയിൽ കുൽപ്പാടുള്ളതായി ഇൻസ്പെക്ടർ

പ്രശ്നാവലി

തിരുവിതാംകൂർ വിദ്യാഭ്യാസക്കമ്മററിയുടെ

N. B. (i) കമ്മററിയെ സഹായിക്കാൻ സമ്മതമുള്ള വ്യക്തികൾക്കും, സംഘടനകൾക്കും ഈ ചോദ്യങ്ങൾക്കു ഉത്തരം അയച്ചുകൊടുക്കാവുന്നതാണ്".

(ii) ഉത്തരങ്ങൾ ഇംഗ്ലീഷിലോ, മലയാളത്തിലോ, തമിഴിലോ അയിരിക്കാവുന്നതാണ്".

(iii) ഉത്തരം അയയ്ക്കുന്ന ഒരാൾക്കു എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണമെന്നു നിർബന്ധമില്ല.

(iv) ഉത്തരങ്ങൾ നിവൃത്തിയുള്ടത്തോളം ചുരുങ്ങിയവാക്കുകൾകൊണ്ടും യഥാർത്ഥ്യത്തിനോടു യോജിച്ചവയുമായിരിക്കേണ്ടതാണ്".

(v) ഈ ചോദ്യപരമ്പരയിൽ ഉൾപ്പെടാത്തതും, എന്നാൽ ഈ അന്വേഷണത്തിനോടു സജീവബന്ധം ഉള്ളതുമായ സംഗതികൾ ഉണ്ടെങ്കിൽ അവയെയും അനുബന്ധമായി ചേർക്കാവുന്നതാണ്".

(vi) വിദ്യാഭ്യാസ ഡയറക്ടറാഫീസിൽ, വിദ്യാഭ്യാസക്കമ്മററി സെക്രട്ടറിക്ക് 1949 മാർച്ച് 31-ാംതീയതിക്കകം കിട്ടത്തക്കവണ്ണം ഉത്തരങ്ങൾ അയച്ചുകൊടുക്കേണ്ടതാണ്".]

I. പ്രാഥമിക വിദ്യാഭ്യാസം

(എ.) ശൈശവസരപദ്ധതി:

1. സനാതന, നിർബന്ധിത, സാർവത്രിക പ്രാഥമിക വിദ്യാഭ്യാസത്തിനുവേണ്ടി ഒരു ഹ്രസ്വകാലപദ്ധതി നടപ്പിൽ വരുത്തുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന സംഗതികൾ ഏവ?

2. ഇപ്പോൾ നിലവിലിരിക്കുന്ന ശൈശവസരപദ്ധതി ഇന്നതെന്നുള്ള രീതിയിൽതന്നെ വിജയകരമായി നടത്തുന്നതിനു സാധിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

3. ഇല്ലെങ്കിൽ കാരണം എന്ത്?

(ബി) ഷിഫ്റ്റു സമ്പ്രദായം:

4. താഴെ കൊടുത്തിരിക്കുന്ന സംഗതികളെ സംബന്ധിച്ചിടത്തോളം ഷിഫ്റ്റു പദ്ധതിയുടെ ഫലം എന്താണ്?

(i) വിദ്യാലയത്തിലെ അച്ചടക്കവും, വിനയവും.

(ii) വിദ്യാർത്ഥികളുടെ അഭിവൃദ്ധി.

(iii) അദ്ധ്യാപകന്റെ അദ്ധ്വാനവും, ജോലിഭാരവുള്ള മനോഭാവവും.

(iv) രക്ഷാകർത്താക്കന്മാർ.

(v) മാനേജുമെന്റ്.

5 ഇന്ത്യയിൽ ഷിഫ്റ്റു പദ്ധതി നടപ്പിലിരിക്കുന്ന ഇതരപ്രദേശങ്ങളിൽ ഈ പദ്ധതി എങ്ങനെ നടക്കുന്നു?

6. ഇവിടെ ഈ ഷിഫ്റ്റു പദ്ധതി ഇതേരൂപത്തിൽ തുടർന്നുകൊണ്ടുപോകുന്നതിനുള്ള നിങ്ങൾ അനുകൂലിക്കുന്നുവോ?

7. നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസപദ്ധതിയിൽ അന്തർഭവിച്ചിരിക്കുന്ന ധനപരമായും മററുമുള്ള (ഉദാഹരണമായി അദ്ധ്യാപകന്മാരുടെ ലഭ്യത, സ്കൂൾസൗകര്യം മുതലായവ) ഉപാധികൾക്കു അനുയോജ്യമായി ഈ പദ്ധതിയെ പ്രായോഗത്തിൽ കൊണ്ടുവരുന്നതിനു ഏതെങ്കിലും മാററമോ, ഇതരരീതിയോ നിർദ്ദേശിക്കാനുണ്ടോ?

8. ചുവടെ ചേർത്തിരിക്കുന്നവയെപ്പററി നിങ്ങളുടെ നിർദ്ദേശം എന്താണ്:—

(i) അദ്ധ്യാപക-വിദ്യാർത്ഥി അംശബന്ധം (ഓരോ ക്ലാസ്സിലും അനുവദിക്കാവുന്ന വിദ്യാർത്ഥികളുടെ എണ്ണം)

(ii) ദിനംപ്രതിയുള്ള അദ്ധ്യയന സമയദൈർഘ്യം.

(iii) ആണ്ടിൽ സാധ്യായദിവസങ്ങളുടെ എണ്ണം.

(iv) മദ്ധ്യാവേനൽ ഒഴിവിന്റെ ദൈർഘ്യം.

(സി) നിർബന്ധിത വിദ്യാഭ്യാസപ്രദേശങ്ങളിൽ

9) സർക്കാർ പ്രാഥമിക വിദ്യാലയ കെട്ടിടങ്ങൾ പര്യാപ്തങ്ങളാണോ?

10) പുതുതായി പണികഴിച്ചിരിക്കുന്ന സ്കൂൾ കെട്ടിടങ്ങൾ തൃപ്തികരങ്ങളാണോ?

11) താൽക്കാലിക ഷെഡ്ഡുകളുടെ സ്ഥിതി എന്താണ്?

12) അവയിലെ സാധനസാമഗ്രികളെ സംബന്ധിച്ചിടത്തോളം ഏതു ന്യൂനത നിങ്ങൾ കണ്ടിട്ടുണ്ട്?

13) ഈ സ്കൂളുകളുടെ പ്രവർത്തനം തൃപ്തികരമാണോ?

14) ഈ സ്കൂളുകളുടെ അഭിവൃദ്ധിക്കുള്ള നിങ്ങളുടെ നിർദ്ദേശങ്ങൾ എന്ത്?

15) ഇപ്പോൾ നിലവിലിരിക്കുന്ന പദ്ധതിയുമായി നിങ്ങൾക്കുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽനിർബന്ധിതപ്രാഥമിക വിദ്യാഭ്യാസം രാജ്യത്തിന്റെ ഇതര താലൂക്കുകളിലും വ്യാപിപ്പിക്കാൻ അനുവർത്തിക്കേണ്ട രീതിയെ സംബന്ധിച്ചു നിങ്ങൾ എന്തു നിർദ്ദേശിക്കുന്നു?

II. സ്വകാര്യ മാനേജുമെന്റുകൾ

(പ്രാഥമികസ്കൂളുകളും സെക്കണ്ടറിസ്കൂളുകളും)

(എ) മേൽശിക്കരണം.

16) പ്രാഥമിക വിദ്യാഭ്യാസം മുഴുവനായി സർക്കാർ ഏറെടുക്കുന്നതിനെ നിങ്ങൾ അനുകൂലിക്കുന്നുവോ?

17) നിർബന്ധിത വിദ്യാഭ്യാസ പ്രദേശങ്ങളിൽ സ്വകാര്യസ്കൂളുകൾ സർക്കാരിനു വിട്ടുകൊടുക്കുന്നതിനു ഇപ്പോൾ ഉള്ള വ്യവസ്ഥകൾ തൃപ്തികരങ്ങളാണോ?

18) നിർബന്ധിത വിദ്യാഭ്യാസ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളും, അദ്ധ്യാപകന്മാരും ഒരു പ്രത്യേക സമുദായ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം എന്നു ക്ലിപ്തപ്പെടുത്തണമോ?

19) നിർബന്ധിത പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന വിദേശീയ സ്കൂളുകൾ അന്യരീതിയിൽ ഈടാക്കുകൊണ്ടുപോകേണ്ടതാണെന്നു നിങ്ങൾ ശുപാർശ ചെയ്യുന്നുവോ?

(ബി) സ്വകാര്യ ഏജൻസികൾ:

20) സ്വകാര്യ ഏജൻസികൾക്കു സ്കൂളുകൾ നടത്താനുള്ള സൗകര്യം നൽകണമോ?

21) രാജ്യത്തെ വിദ്യാഭ്യാസപദ്ധതിയിൽ സ്വകാര്യ ഏജൻസികൾക്കു എന്തു സ്ഥാനം നിങ്ങൾ കൽപ്പിക്കും?

22) സ്വകാര്യവിദ്യാലയങ്ങളുടെ അംഗീകരണത്തിനു എന്തു വ്യവസ്ഥകൾ നിങ്ങൾ നിർദ്ദേശിക്കുന്നു?

23) സർക്കാർ സ്കൂളുകളുടെയും സ്വകാര്യ സ്കൂളുകളുടെയും താരതമ്യേനയുള്ള കാര്യക്ഷമതയെക്കുറിച്ചു നിങ്ങളുടെ അഭിപ്രായം എന്ത്?

(സി) ഗ്രാന്റ്.

24) അംഗീകാരം സിദ്ധിച്ച ഒരു സ്വകാര്യ സ്കൂളിനു സർക്കാർ നൽകുന്ന സഹായം വർദ്ധിക്കുന്നതിനുള്ള അവകാശം എന്ത്?

25) സർക്കാർ സ്കൂളുകളെ അപേക്ഷിച്ചു സ്വകാര്യ സ്കൂളുകളിൽ വമ്പിച്ചതോതിലുള്ള പ്രവർത്തനങ്ങൾക്കു കൂടുതൽ സൗകര്യങ്ങളും അനുകൂല്യങ്ങളും ഉണ്ടെന്ന അവകാശപ്പെടാമോ?

(ഡി) സ്വകാര്യവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ സർവീസ് വ്യവസ്ഥകൾ:—

37) സ്വകാര്യവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർക്കു സർക്കാർ വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരോടൊപ്പം ശമ്പളം നൽകണമോ? കാരണം?

38) വേണ്ടെങ്കിൽ, സ്വകാര്യപ്രാഥമിക വിദ്യാലയത്തിലെ ഒരു അദ്ധ്യാപകനു കൊടുക്കേണ്ട ഏററവും കുറഞ്ഞ ശമ്പളം എന്തായിരിക്കണം?

39) തുടർച്ചയായി ഒരേ ശമ്പളസ്കെയിലോ, പല ഗ്രേഡുകളായ ശമ്പളസ്കെയിലോ ഏതാണു സ്വകാര്യവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർക്കു നിങ്ങൾ നിർദ്ദേശിക്കുന്നത്?

40) നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസപദ്ധതി നടപ്പിൽവരുത്തുന്നതോടുകൂടി കൂടുതൽ അദ്ധ്യാപകന്മാരുടെ ആവശ്യകത ഉണ്ടാകുമോ? ഉണ്ടായിക്കൊണ്ടിരിക്കുമെന്നുള്ളതിനാൽ ഈ പ്രശ്നത്തെ പരിഹരിക്കുന്നതിനു നിങ്ങളുടെ നിർദ്ദേശം എന്ത്?

41) മാതൃഭാഷയും ഇതരവിഷയങ്ങൾ പഠിപ്പിക്കുന്നവരായ അദ്ധ്യാപകന്മാരുടെ ശമ്പളസ്കെയിലുകൾ തമ്മിൽ ഏതെങ്കിലും വ്യത്യാസം വേണ്ടതുണ്ടോ?

42) അദ്ധ്യാപകന്റെ പരിക്ഷായോഗ്യത എന്തായിരുന്നാലും ജോലി പ്രാഥമികക്കൂട്ടത്തിലോ മിഡിൽസ്കൂൾ കൂട്ടത്തിലോ ഹൈസ്കൂൾ കൂട്ടത്തിലോ ആയിരിക്കുന്നതിനെ അസ്പദമാക്കി ശമ്പളസ്കെയിലും ഗ്രേഡും വ്യത്യാസമായിരിക്കേണ്ടതാണോ?

43) സ്വകാര്യസ്കൂളുകളിലെ ഗ്രാഡ്വേററു അദ്ധ്യാപകന്മാരുടെ ശമ്പളസ്കെയിലുകൾ എന്തായിരിക്കണമെന്നു നിങ്ങൾ നിർദ്ദേശിക്കുന്നു?

44) താഴെപറയുന്ന അദ്ധ്യാപകന്മാർക്കു

i. സർക്കാർ സ്കൂളുകളിൽ,

ii. സ്വകാര്യസ്കൂളുകളിൽ,

എന്തു ശമ്പളസ്കെയിലുകൾ നിങ്ങൾ നിർദ്ദേശിക്കുന്നു?

1. അണ്ടർ ഗ്രാഡ്വേറ്റു അദ്ധ്യാപകന്മാർ, 2. അറബിക്കു മുൻഷിമാർ, 3. ഹിന്ദി പണ്ഡിററുകൾ, 4. മലയാളം, തമിഴ്, സംസ്കൃതം പണ്ഡിററുകൾ., 5. കായികഭ്യാസം, ഡ്രായിംഗ്, സംഗീതം; തയ്യൽ മുതലായവ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർ, 6. ക്ലർക്ക്, 7. പ്യൂൺ, 8. വാച്ചർ.

45) ഹൈഡ്മാസ്ട്രക്കു ഒരു പ്രത്യേക ശമ്പളസ്കെയിൽ ഉണ്ടായിരിക്കണമോ, അല്ലെങ്കിൽ ശമ്പളത്തിനുപുറമേ ഒരു അലവൻസ് മാത്രം മതിയോ? അലവൻസ് മതിയെങ്കിൽ അതു എത്രയായിരിക്കണം?

46) സ്വകാര്യവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ഉദ്യോഗവിരാമവയസ്സിനെ സംബന്ധിച്ചു ഇപ്പോൾ നിലവിലിരിക്കുന്ന ചട്ടം മാററുന്നതിനെ നിങ്ങൾ അനുകൂലിക്കുന്നുവോ?

47) സ്വകാര്യവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർക്കു വാർദ്ധക്യ കാലസഹായത്തിനു സൌകര്യം ഉണ്ടാക്കണമോ? എങ്കിൽ അതു ഏതു രൂപത്തിലായിരിക്കണം?

48) ഇതിലേയ്ക്കു (എ) ഗവണ്മെന്റു, (ബി) മാനേജുമെന്റു, (സി) അദ്ധ്യാപകൻ, ഇവരുടെ സംഭാവന എന്തായിരിക്കണം?

49) സ്വകാര്യവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ നിയമനം, സർവ്വീസ്വ്യവസ്ഥകൾ ഇവയിൽ ഗവണ്മെന്റു നിയന്ത്രണം ഉണ്ടായിരിക്കണമോ? വേണമെങ്കിൽ അതിന്റെ വ്യാപ്തി എന്ത്?

50) സ്വകാര്യവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരെ ഗവണ്മെന്റു സർവ്വീസിലേയ്ക്കു എടുക്കുന്നതു് ഏതു വ്യവസ്ഥകൾ അനുസരിച്ചായിരിക്കണം?

51) ഗവണ്മെന്റു സർവ്വീസിൽ അവരുടെ ശമ്പളവും മറ്റുമായിട്ടും നിശ്ചയിക്കുന്നതിനു് അവരുടെ സ്വകാര്യവിദ്യാലയ സർവ്വീസിനെ പരിഗണിക്കണമോ? എങ്കിൽ എത്രത്തോളം?

III ധനകാര്യം

52) നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസ പദ്ധതി പരിപൂർണ്ണമായി പ്രായോഗത്തിൽ വരുത്തുന്നതിനു ആവശ്യപ്പെടുന്ന കൂടുതൽ ചിലവിനെ പരിഗണിച്ചു, ഗവണ്മെന്റിന്റെ ഭാരത്തെ ലഘൂകരിക്കുന്നതിനു പര്യാപ്തമായ എന്തു മാർഗ്ഗം നിങ്ങൾ നിർദ്ദേശിക്കുന്നു?

53) സ്കൂൾഫീസ് കൂട്ടുന്നതിനെ നിങ്ങൾ അനുകൂലിക്കുന്നുവോ?

54) അനുകൂലിക്കുന്നവർക്കു വിവിധ ക്ലാസ്സുകൾക്കു എന്തു നിരക്കാണ് നിങ്ങൾ നിർദ്ദേശിക്കുന്നതു്?

55) വിദ്യാഭ്യാസനികുതി ചുമത്തുന്നതിനെ നിങ്ങൾ അനുകൂലിക്കുന്നുവോ? അനുകൂലിക്കുന്നെങ്കിൽ അതു് എന്തു അടിസ്ഥാനം എന്തായിരിക്കണം?

56) പ്രാദേശികമായി ഉദാരമായ സംഭാവനകളും വേതന പ്രതിഷ്ഠകളും ലഭിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നുവോ?

57) പ്രാഥമികവിദ്യാലയങ്ങളിലെ പാഠപുസ്തകങ്ങളിന്മേൽ രാജഭോഗം (Royalty) ചുമത്തുന്നതു് അഭിലഷണീയമാണോ?

IV. സാമാന്യം

58) തിരുവിതാംകൂർ അനുവർത്തിക്കേണ്ടതായ വിദ്യാഭ്യാസനയം ഇൻഡ്യൻയൂണിയനിലെ വിദ്യാഭ്യാസത്തിനു യോജിച്ചതായിരിക്കണമെന്നു നിങ്ങൾ അഭിപ്രായപ്പെടുന്നുവോ?

59) ഏതെങ്കിലും വ്യത്യാസം ആവശ്യമാണെന്നു നിങ്ങൾ കരുതുന്നുവെങ്കിൽ അതു എന്തൊക്കെ അയിരിക്കണം?

ചന്ദ്രിക ഔഷധ സോപ്പ്

[REGD.]

മൊരി, ചുണങ്ങ് (തേമൽ), താരൻ (ചാർചുണങ്ങ്), മുഖക്കുരു, വരട്ടുചൊറി, ഒടിയിലുണ്ടാകുന്ന കറുത്ത ചൊറി, ചിരങ്ങ്, കരപ്പൻ മുതലായവയെ മാററി ത്വക്കിനെ പരിശുദ്ധമാക്കും.

സോപ്പു കട്ട 1—ക്കു് 12 ണ.

3 കട്ടയിൽ കുറഞ്ഞു വി. പി. അയയ്ക്കുന്നതല്ല.

വി. പി. ചാർജ്ജ് പുറമെ.

സിദ്ധവൈദ്യാശ്രമം, ഇരിങ്ങാലക്കുട.

AWARDED GOLD MEDALS & TESTIMONIALS!

Dr. H. N. Kamath, M. B. B. S.
Asst. Surgeon. 26-3-'44.
Govt: Hospital, Irinjalakuda writes:—

"I have used the Chandrika Soap of Mr. C. R. Kesavan Vaidyar and found it efficacious in Skin Diseases like Scabies, Tinea, Versicolor etc, and I can recommend the same to the public. I have prescribed the same for use to my patients and friends."

Dr. T. M Jacob, Kumbhakonam,
B. A., M. B. B. S. 14-2-1949.

Dear Mr. Kesavan Vaidyar,

.....Your Chandrika Medical Soap is very efficacious in skin diseases such as Tinea, dandruff, seborrhaea etc. Thanking you,

Yours sincerely,
(Sd) T. M. Jacob.

9th All India Swadeshi Exhibition, Trichur, 1946
Gold Medal Certificate.

Awarded to Messrs. Sidha Vydyasramam, Irinjalakuda for Chandrika Soap.

(Sd.) President.

Dr. P. RamanMenon M. B. B. S.
Medical Officer, Govt, Hospital. 26-3-1944,
Cranganore, writes:—

I have tried the Chandrika Soap of Mr. C. R. Kesavan Vaidyar for some of my patients suffering from Scabies. Tinea, Versicolor etc., and have found them to be responding well."

Dr. R. Subramanian, Tuberculosis Clinic,
D. M. & S. T. D. D. Trichur,
Asst, surgeon. 5-3-1947.

I have used and prescribed 'Chandrika Medical soap' prepared by Mr. C. R. Kesavan Vaidyar. I have found it to be of great use in the common disease of skin It is also a toilet soap. I recommend it to everybody who wants to have a clean and healthy skin.
(sd)

Hon'ble Mr. Parambi Lonappan, B. A. B. L.
Minister for Rural Development, Ministers' House,
Cochin State. Ernakulam,

28th October 1945.

I have used Chandrika Medical soap manufactured by Mr. C. R. Kesavan Vaidyar of Irinjalakuda. I can testify that the soap is very good for skin affections. It is also a Toilet soap and lathers well.

(sd) Minister for Rural Development.

ഈ പോക്ക് എങ്ങോട്ടാണോ?

വസ്തുകയ്യേററം, തീവയ്പ്, കത്തിക്കുവർച്ച, അടിക്കലഹം മുതലായ ഭീകരപ്രവൃത്തികൾ

അടുത്തകാലത്തിൽ ഏതാനംദിവസം പോലീസ്കണ്ടുപിടിയിൽ

(സ്വ—ര്യ)

തൊടുപുഴ, മീനം 1

തൊടുപുഴ നിന്നും ഉദ്ദേശം 25 മൈൽ കിഴക്ക് ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നും കഴിഞ്ഞതവണയും കൃഷിക്കുവേണ്ടി ഒഴിവാക്കി കൊടുത്തിട്ടുള്ള മക്കവള്ളി എന്ന സ്ഥലത്തു് ഇന്നു പകൽ ഉദ്ദേശം പത്തുമണി അയപ്പോൾ അതിക്രമണവും ഭീകരവുമായ സംഭവങ്ങൾ നടന്നിരിക്കുന്നു. പാലായിലും വെളിയിലും വലിയ സ്വാധീനശക്തിയും ദ്രവ്യാഢ്യതയുമുള്ളയാളും രാമപുരം സ്വദേശിയുമായ ഒരു മി. കുഞ്ചക്കുട്ടി ചാണ്ടിയുടെ നേതൃത്വത്തിൽ ആക്രമണാസക്തരായ ഏഴുപതിൽപരം ആളുകൾ സംഘം ചേർന്നു് മേൽവിവരിച്ച "മക്കവള്ളി"യിലെ ഹിന്ദുക്കളുടെ കൈവശത്തിലും കൃഷിപ്പണിയിലും ഇരിക്കുന്ന സ്ഥലത്തു് കാരി, ഗുണ്ടാക്കു്, ഈട്ടുകത്തി, കുറുവടി മുതലായ ആയുധങ്ങളുടുക്കുടി പ്രവേശിക്കുകയും, അവിടെ കൃഷിജോലി ചെയ്തുകൊണ്ടിരുന്ന ഏതാനും സാധുക്കളേയും അവിടുത്തെ താമസക്കാരും ജോലിനടത്തിപ്പുകാരുമായതൊടുപുഴക്കാരനു ഒരു മി. വേലായുധനായർ മുതൽപേരെയും തേക്കുകൽ ചൂണ്ടിയും ആയുധങ്ങൾ കാണിച്ചും മററും ഭയപ്പെടുത്തുകയും കഠിനമായ ദേഹോപദ്രവമേൽപ്പിക്കുകയും എന്നു. എസ്സ്. എസ്സ്. കുഞ്ഞയോസേപ്പു കൃഷിസ്ഥലത്തുണ്ടായിരുന്ന ഏതാനും ഷെഡ്ഡുകളിൽ സൂക്ഷിച്ചിരുന്ന ഉദ്ദേശം അയ്യായിരത്തിൽപരം രൂപാ വിലവരുന്ന തെങ്ങു്, തേന്, കപ്പ, പുളിങ്ങിക്കുഴെക്കു് മുതലായ ചെറുചരക്കുകളും എണ്ണ്, മുതിര, കൃഷിക്കുള്ള വിത്തു്, നെല്ലു്, അരി, മുതലായവയും കവർച്ച നടത്തുകയും മക്കവള്ളി കിഴക്കു തീവച്ചു നശിപ്പിക്കുകയും ചെയ്തിരിക്കുന്നതായി അറിയുന്നു.

സംഭവവിവരമറിഞ്ഞു് തൊടുപുഴ പോലീസ് ഇൻസ്പെക്ടരും പാർട്ടിയും 2—ാം തീയതി സ്ഥലത്തെത്തി സംഭവസ്ഥലങ്ങൾ പരിശോധിച്ചു് യഥാർത്ഥ്യങ്ങൾ ബോദ്ധ്യപ്പെടുകയും, മഹസ്സർ തയ്യാറാക്കുകയും മി. ചാണ്ടിയേയും അനുഭാവികളെ വലിയകൊച്ചു് തുടങ്ങി ഏതാനം പേരേയും അറസ്റ്റുചെയ്തു് തൊടുപുഴ മജിസ്ട്രേട്ടിൽ സമക്ഷം ഹാജരാക്കുകയും മററുകുറ്റികളുടെ ഊർജ്ജിതമായ അന്വേഷണം നടത്തിവരികയും ചെയ്തു തിനെത്തുടർന്നു് തൊടുപുഴയിലും പാലായിലുമുള്ള ഒട്ടേറെ ക്രൈസ്തവ പ്രമുഖന്മാർ തൊടുപുഴയെത്തി പല ശ്രേഷ്ഠചേതനകളും ഈ സംഭവത്തെ ഖണ്ഡിക്കുന്നതിനുള്ള തീവ്രയത്നങ്ങളും ചെയ്തുവരുന്നതായും നായരീഴവരുടെ യത്തിൽപെട്ട ആളുകൾ ഈ സംഭവത്തെ ഇളർന്നു് അത്യന്തം മലയവിഹ്വലരായിത്തീർന്നിട്ടുള്ളതായും എൻ. എസ്സ്. എസ്സ്. എസ്സ്. എന്നു. ഡി. പി. സംഘടനകളിലെ നേതാക്കന്മാരെ സമീപിച്ചു് ഈ താലൂക്കിലെ ഹിന്ദുക്കളുടെ ജീവനും വസ്തുവകകളും സുസംഘടിതമായ ആക്രമണത്തിനു നിരപ്പുടെ ആക്രമണത്തിനു നിന്നും സുരക്ഷിതമാക്കിത്തീർക്കുന്നതിലേക്കു സഹായം അഭ്യർത്ഥിക്കാൻ ചങ്ങനാശ്ശേരി കൊല്ലം മുതലായ സ്ഥലങ്ങളിലേയ്ക്കു് പോയിരിക്കുന്നതായും അറിയുന്നു. ബഹുജനങ്ങളുടേയും ബഹുഗവർണ്ണമെന്റിന്റെയും സത്വരശ്രദ്ധയ്ക്കു് സഹായങ്ങളും മക്കവള്ളി സംഭവത്തിന്റെയും തൊടുപുഴ ഹിന്ദുക്കളുടേയും മേൽ ഉണ്ടായിരിക്കേണ്ടതു് അത്യന്തം പേക്ഷിതമത്രെ.

തകഴിയിലും ചേർത്തലയും

നാളികേരക്കമ്മററിയുടെ ശുപാർശയനുസരിച്ചു തെങ്ങിൻതൈത്തോട്ടങ്ങൾ

(കേരളപ്രസ്സ്)

നൂഡൽഹി, മാർച്ച് 20

ഇൻഡ്യയിൽ ആവശ്യമുള്ള 20 ലക്ഷം തെങ്ങിൻതൈകളിൽ 15 ശതമാനം മാത്രമാണിപ്പോൾ ഉല്പാദിപ്പിക്കാൻ കഴിവുള്ളതു്. ഈ ഗണ്യമായ കുറവിനെ പരിഹരിക്കാൻ കേന്ദ്രനാളികേരക്കമ്മററി നടത്തിയ അവസാനശ്രമത്തിന്റെ ഫലമായി പുതിയചില തെങ്ങിൻതൈത്തോട്ടങ്ങൾ (Nurseries) സ്ഥാപിക്കുന്നതിനും ഇപ്പോഴുള്ള തോട്ടങ്ങളിൽ കൂടുതൽ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള ഒരു പദ്ധതി പൂർത്തിയായിരിക്കുന്നു. ഇതനുസരിച്ചു ബോംബെ പ്രവിശ്യയിൽ രത്നഗിരിയിലും, തിരുവിതാംകൂറിൽ ചേർത്തലയിലും, തകഴിയിലും, കൊച്ചിയിൽ മിണലൂരും, പശ്ചിമബംഗാളിലും ഒറിസ്സായിലും ഓരോ പുതിയ തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും, ഇപ്പോഴുള്ള മൈസൂറിലേയും കാസർകോഡിലേയും, പുതിയിലേയും, കട്ടാക്കിലേയും (ഒറിസ്സാ) തോട്ടങ്ങളിൽ കൂടുതൽ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനും തീർച്ചയാക്കിയിരിക്കുന്നു.

കുന്നത്തൂർ താലൂക്കു് നായർമഹാസമ്മേളനം

മീനം 13—ാം 14—ാം തീയതികളിൽ

അടൂർ എൻ. എസ്സ്. എസ്സ്. യൂണിയന്റെ തീയേററിൽവച്ചു് ഈ മാസം 13—ാം 14—ാം തീയതികളിൽ കുന്നത്തൂർ താലൂക്കു് നായർ മഹാസമ്മേളനം താഴെ ചേർക്കുന്ന പരിപാടി അനുസരിച്ചു് നടക്കുന്നതാണ്".

13—ാംനു വൈകിട്ടു് 4 മുതൽ 6 വരെ സ്വാഗതസംഘാദ്ധ്യക്ഷനു മി. കെ. മാധവൻ ഉണ്ണിത്താൻ ബി. എ. ബി. എൽ—ന്റെ ആഫീസിൽ വച്ചു് മി. മന്നത്തു പദ്മനാഭൻനായരുടെ അദ്ധ്യക്ഷതയിൽ പ്രവർത്തനസമ്മേളനം. 14—ാംനു രാവിലെ രവിയുണ്ണി ഗണപതി പാർട്ടിയുടെ പാട്ടുകച്ചേരി; ശാന്തകുമാരിപാർട്ടിയുടെ ഡാൻസ്. മി. എൻ. ഗോവിന്ദമേനോൻ സമ്മേളനം ഉൽഘാടനം ചെയ്യുന്നു. കാലത്തു 10 മുതൽ 1 മണിവരെ മി. കളത്തിൽ വേലായുധൻനായരുടെ അദ്ധ്യക്ഷതയിൽ കൂടുന്ന ഗ്രാമോദ്ധാരണ സമ്മേളനത്തിൽ മെ: കാറ്റിപ്പുഴ പരമേശ്വരൻപിള്ള, പി. ഗംഗാധരൻനായർ മുതൽപേർ പ്രസംഗിക്കുന്നു. ഉച്ചയ്ക്കു് 2 മുതൽ 6 വരെ ശ്രീ: മന്നത്തിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന നായർ മഹാസമ്മേളനത്തിൽ മെ: ഉദയഭാനു, ഗോവിന്ദനായർ, ആർ. കെ. കർത്താ, ശ്രീമതി കൈലാസം രാജമ്മ തുടങ്ങിയവരുടെ പ്രസംഗങ്ങൾ. യൂണിയന്റെ സെക്രട്ടറി മി. പി. ഗോപാലൻനായരുടെ കൃതജ്ഞതാപ്രകടനം.

2 തലയും 4 കണ്ണും 4 കാതും

(സ്വ. ലേ) ഒക്കല്ലൂർ, മീനം 8

ഇന്നലെ ചന്തയ്ക്കു് പരിത്തുറ ഭാഗത്തുള്ള ഒരു ഗൃഹത്തിൽ ഒരു ആടു് രണ്ടു കുട്ടികളെ പ്രസവിച്ചിരിക്കുന്നു. ഒരു കുട്ടിക്കു് രണ്ടു തലയും നാലു കണ്ണും നാലു ചെവിയും ഉണ്ടു്. കുഞ്ഞുങ്ങൾ ധാരാളം വസ്തുകൾ കണ്ടിരിക്കുന്നു!

A WORLD ATTRACTION
Appreciated by famous personalities is
KALANIDHI
having a good reputation and wide Circulation in the World
Apply for Adv: Rates to:—
Kalanidhi, Trivandrum.
Phone No. 554.

THE DESABANDHU

രാജരാജേശ്വരി ലോഡ്ജ്
ബ്രാഹ്മിൻസ്
റസ്റ്റോറന്റ്
ആലുവാ
സ്വരാജ് ബസ്സ്സ്റ്റാൻറിനും റെയിൽവെസ്റ്റേഷനും സമീപം
H. O. നേതാജി രാജരാജേശ്വരി ആലുവാ, മ്യൂസ്:

ഭൂനികുതി ഏക്കറിന് 14 അണയിൽനിന്ന് 14 രൂപാആകും

തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം സംയോജനത്തിന്റെ ഒരു ഫലം—ഈ നികുതി വർദ്ധനവ് സാമാന്യ ജനങ്ങളെമാത്രം പീഡിപ്പിക്കുന്നതായിരിക്കും—സംയോജനത്തിന്റെ ഫലം ഇതാണെങ്കിൽ രാജവാഴ്ചപുരോഗതിക്ക് പ്രതിബന്ധമാണെന്നുപറഞ്ഞ് ലയിപ്പിക്കലിനുവേണ്ടി വാദിക്കുന്നവരുടെ പോക്കും ഭദ്രമല്ല—ഭവനഗർ രാജാവ് ഭരിക്കുന്ന മദ്രാസിലുള്ളതിൽ കൂടുതൽ 'രാജവാഴ്ച' വേണാട്ടധിപൻ ഭരിക്കുന്ന തിരുവിതാംകൂറിൽ ഇല്ല—ജനതാ സ്വാതന്ത്ര്യത്തിന്റെ പുറങ്കോട്ടയാണ് ഇന്ന് മഹാരാജാവ്—സ്വന്തം കാലേൽ നിൽക്കാൻ കെല്പും ആവശ്യവുമുള്ള തിരുവിതാംകൂറിന്റെ ആ ആവകാശം അംഗീകരിച്ചു കഴിഞ്ഞിട്ടുള്ളതാണ്—ഇന്ത്യയുടെ ഏകതയ്ക്കും ഐക്യത്തിനും വേണ്ട വ്യവസ്ഥകൾക്കെല്ലാം തിരുവിതാംകൂർ തയ്യാറായിരിക്കെ സംയോജനാദി ബഹളങ്ങൾകൊണ്ടും ആവശ്യമില്ല—ഏതായാലും ജനങ്ങളുടെയും മഹാരാജാവിന്റെയും അഭിപ്രായം ആരായാതെ സംയോജനമോ ലയിപ്പിക്കലോ ഒന്നും പാടില്ല—റിട്ട. ലാമെമ്പർ ശ്രീ. കുഞ്ഞാലത്തിന്റെ രാജ്യസ്നേഹ നിർഭരമായ ഉൽബോധനം

തിരുവിതാംകൂർ കൊച്ചിസംയോജനത്തെ സംബന്ധിച്ച് തിരുവിതാംകൂർ ദിവാൻജനറലിന്റെ ലാമെമ്പറായിരുന്ന ശ്രീ. കുഞ്ഞാലം പരമേശ്വരൻപിള്ള പുറപ്പെടുവിച്ചിരിക്കുന്ന ഒരു സുദീർഘ പ്രസ്താവനയിൽ, തിരുവിതാംകൂർ കൊച്ചി സംയോജനം ഇതുവരെതീരുമാനിക്കപ്പെടുകഴിഞ്ഞിട്ടില്ലെന്നുള്ളതിനു ഇന്ത്യയിലെ നാട്ടുരാജ്യവകുപ്പിൽനിന്നു പ്രസിഡപ്പെടുത്തിയറിപ്പോർട്ടും സർദാർ പട്ടേൽ അസ്സംബ്ലിയിൽ ചെയ്ത പ്രസ്താവനയും സാക്ഷ്യം വഹിക്കുന്നുണ്ടെന്നും, ഐക്യകരളം മനസ്സിൽ വച്ചുകൊണ്ട് തൽപ്പരകക്ഷികൾ നടത്തുന്ന പ്രചരണം മാത്രമാണ് ഇതെന്നും പറഞ്ഞിരിക്കുന്നു. സംയോജനത്തിനുവേണ്ടി വാദിക്കുന്നവർ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കിയിട്ടില്ല. രണ്ടു ഗ്രാമങ്ങൾ ഒന്നിച്ചു ചേർക്കുന്നപോലെ അത്ര നിസ്സാരമായി ഗണിക്കാവുന്ന ഒരു പ്രശ്നമല്ലിതു; തിരുവിതാംകൂർ ഇന്ത്യൻയൂണിയനിൽ ചേർന്നിട്ടുള്ള ഒരു രാജ്യമാണ്; ഇന്ത്യയുടെ വിശാലതരമായ താൽപ്പര്യങ്ങളെ ഉദ്ദേശിച്ച് രാജ്യരക്ഷ, വിദേശകാര്യം, കമ്യൂണിക്കേഷൻ എന്നി വകുപ്പുകൾ വിട്ടുകൊടുക്കണമെന്ന മാത്രമെ അവശ്യപ്പെട്ടുകഴിഞ്ഞായിട്ടുള്ളു. അപ്രകാരംചെയ്യുന്നരാജ്യങ്ങളുടെ പരമാധികാരം പരിരക്ഷിക്കുന്നതാണെന്ന് സർദാർപട്ടേൽതന്നെയാണെന്നറിയുമ്പോൾ അസന്നർഗ്ഗിലമായ ഭാഷയിൽ പ്രസ്താവിച്ചിട്ടുമുണ്ട്. സർദാർ പട്ടേലും, പണ്ഡിത നെഹ്റുവും ഈ ഉറപ്പിന്മേൽ വിപരീതമായി പ്രവർത്തിക്കുമെന്നു കരുതാൻ കാര്യമില്ല. അവരങ്ങനെ വെയ്ക്കുന്നുണ്ടെങ്കിൽ അവരുടെ കാര്യം തെറ്റിദ്ധരിപ്പിക്കുന്നതു മൂലമാണ് അറിയിക്കുകയുള്ളു. അതിനാൽ ഈ രാജ്യത്തിലെ യഥാർത്ഥ നിലയവരെ കേൾപ്പിക്കുവാൻ ജനങ്ങൾ സന്നദ്ധരാകേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിന് സ്വയം നിൽക്കാനുള്ള കരുത്തില്ലെന്നു പറയുന്നതു ശരിയല്ല. ലോകത്തിലെ ഏതൊരു മഹാശക്തിയ്ക്കും ചില കാര്യങ്ങൾക്കെങ്കിലും മറ്റു രാജ്യങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നതുപോലെ മാത്രമെ തിരുവിതാംകൂറിനും അന്യരുടെ ആശ്രയം വേണ്ടിവരികയുള്ളു. ഇന്ത്യയിലെ മറ്റേതു പ്രദേശത്തേക്കാളും തിരുവിതാംകൂറിന്റെ സ്ഥിതി എല്ലാ പ്രകാരത്തിലും പത്തിരട്ടി മെച്ചമാണ്. അതേ അവസരത്തിൽ നികുതി കുറവാണെന്നുള്ളതും സ്മരിക്കണം. രാജ്യഭാരം സ്വധർമ്മമായി കരുതി, സ്വന്തസുഖത്തെ വിസ്മരിച്ച് രാജ്യം ഭരിച്ചിരുന്ന മഹാരാജാക്കന്മാരാണ് തിരുവിതാംകൂറിന് അസൂയാർഹമായ ഈ സ്ഥാനം നേടിക്കൊടുത്തതു്. രാജ്യത്തിന്റെ ഇന്നുള്ള അഭിവൃദ്ധിയെ ബഹുഭൂരിപക്ഷത്തിനു വിനയത്തുമാണെ സംയോജനം ഉപകരിക്കൂ.

സംയോജനം ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങളെ സാരമായി ബാധിക്കുമെന്നുള്ളതിനാൽ, ഐക്യകേരളത്തിന്റെയും കാര്യമിരിക്കെയും ഭാവിയെ സംബന്ധിച്ച് അവിടത്തെ ജനങ്ങളുമായി ആലോചിക്കുവാനുള്ള ഉദ്ദേശിക്കുന്നതുപോലെ, ഇവിടെയും ജനഹിതം ആരായണമെന്നാണ്. മഹാരാജാവിന്റെ പരമാധികാരത്തിൻകീഴിൽ ഉത്തരവാദഭരണം എന്ന വ്യക്തമായ ലക്ഷ്യത്തെ അടിസ്ഥാനമാക്കി തെരഞ്ഞെടുക്കപ്പെട്ട നിയമസഭയുടെ പ്രതിനിധികളായ മന്ത്രിമാരുടെ അഭിപ്രായം അവരുടെ ഉദ്ദേശശുദ്ധി ഏതു നല്ലതായിരുന്നാലും ജനഹിതമായിരിക്കയില്ല. ഇന്ത്യയുടെ ഐക്യതയ്ക്കുവേണ്ടി നേരത്തെ വിട്ടുകൊടുത്തിട്ടുള്ളതുന്ന വകുപ്പുകൾക്കുതന്നെ ഏതെങ്കിലും വകുപ്പുകൂടി വിട്ടുതരണമെന്ന തിരുമനസ്സിക്കുന്ന പക്ഷം വിട്ടുകൊടുക്കുവാൻ തിരുവിതാംകൂർ തയ്യാറായിരിക്കണമെന്നാണ്. അഖിലലോകവും നയത്തിനു വിപരീതമായി തിരുവിതാംകൂർ മാത്രം നടത്തപ്പെടുന്നുവാ എന്ന ആക്ഷേപപ്പെടുവാൻ തിരുവിതാംകൂറിൽ ഇന്ത്യാഗവണ്മെന്റിന് തങ്ങളുടെ ഒരു പ്രതിനിധിയെ താമസിപ്പിക്കുക എന്ന വിപ്ലവപരമായ നടപടിയും സ്വീകരിക്കുവാനുന്നതാണ്. പ്രാവിൻസുകളെ ബാധിച്ചു കേന്ദ്രഗവണ്മെന്റ് വെയ്ക്കുന്നതുപോലെ ഇവിടെയും അവർക്കു നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുവാനുന്നതുമുള്ളു.

മന്ത്രിമാർ സ്വയം ന്യായം ചെയ്യുക.

ശ്രീ. കുഞ്ഞാലം ഇപ്രകാരം ഇടക്കുന്നു.— "തിരുവിതാംകൂർ—കൊച്ചി സംയോജനം, കൊണ്ടുണ്ടാകാവുന്ന ഒരു ദുഷ്ഫലം ഞാനിനി എടുത്തുപറയാം. ഇതുവരെ തിരുവിതാംകൂറിൽ ഇന്ന് ഏകദേശം പതിന്നാലണ കരമായിരിക്കുന്നതു് പൊടുന്നനെ 11 രൂപയായി വർദ്ധിക്കുന്നതാണ്. ഈ ദുഷ്ഫലത്തിനുള്ള ഉത്തരവാദിത്വം മന്ത്രിമാർ ഏൽക്കേണ്ടതല്ലേ? തങ്ങളെ നയിക്കുന്നവരെ ജനങ്ങൾ അവരെ തെരഞ്ഞെടുത്തിട്ടുള്ളതു്. അതിനാൽ തങ്ങൾ പ്രതീക്ഷിക്കാത്ത പല അനുഭവങ്ങളുമുണ്ടായേക്കാം. ഉത്തരവാദിത്വം അവർ ഏൽക്കേണ്ടതുണ്ട്. ഈ ചുമതലകൾ ഏൽക്കേണ്ട മന്ത്രിമാരുടെ നില അത്ര സുഖകരമായിരിക്കയില്ല. പക്ഷെ അവർക്കു അതു് ഒഴിയുവാനു സാധ്യമല്ല. തങ്ങളെ ആശ്രയിച്ചു നിൽക്കുന്ന ജനങ്ങളുടെ താൽപ്പര്യങ്ങളെ കരുതി അവർ അതു് നേരിട്ടേതീരുകയുള്ളു. പക്ഷെ നിങ്ങൾക്ക് ആവശ്യമില്ലാത്ത കാര്യങ്ങളുടെ ഉത്തരവാദിത്വം എന്തിനേൽക്കണം എന്നാണ് എനിക്കു ചോദിക്കാനുള്ളതു്. ബഹുമാന്യമന്ത്രിമാരേ! നിങ്ങൾ നിങ്ങളുടെ വഴിവിട്ട് അധികാരപരിധിവിട്ട് "കിരാതഭരണമായിരുന്നെങ്കിലും സി. പി. ഞങ്ങളുടെ കരം കുറച്ചു, ടി. കെ. യുടെ ജനകീയ മന്ത്രിസഭ അതു പത്തിരട്ടിയായി വർദ്ധിപ്പിച്ചുവെന്ന്" മായിതലമുറകളെക്കൊണ്ടുപറയിക്കുവാൻതക്കവിധം, നിങ്ങൾ നടപടി കൈക്കൊള്ളരുത് അതിനാൽ മന്ത്രിമാരെ നിങ്ങൾ നിങ്ങളുടെ തന്നെ ന്യായമുള്ള പാരയിരിക്കെ ഈ സംയോജനപ്രശ്നം ജനങ്ങളുടെ അഭിവൃദ്ധിക്കു വിട്ടുകൂ.

നികുതിനിരക്ക് അതിയായിരുന്നു

കൊച്ചി, മലബാർ, തിരുനൽവേലി മുതലായ പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ തിരുവിതാംകൂറിലെ നികുതി നിരക്ക് എന്നും കുറവുതന്നെയാണ്. ഈ അടുത്ത കാലത്ത് അതു് ഏകദേശം പതിന്നാലണയായി ക്രിപ്പപ്പെടുത്തുകയുണ്ടായി. ചില സ്ഥലങ്ങളിൽ വ്യത്യസ്തത ഉണ്ടായേക്കാമെങ്കിലും മറ്റുപ്രദേശങ്ങളിൽ ഏകദേശം പതിന്നാല് രൂപയാണ് നികുതിനിരക്ക്. തിരുവിതാംകൂറിൽ കരം കുറവാണെങ്കിലും കാർഷികാദായനികുതിയും മറ്റുമുള്ള നികുതികളുണ്ട്. കേരാൾപ്പനങ്ങൾ, കശുമുക തേയില, റബർ, ഏലം തുടങ്ങിയവയ്ക്കുള്ള കയറ്റുമതിച്ചുങ്കവുമുണ്ട്. തിരുനൽവേലി, കോയമ്പത്തൂർ തുടങ്ങിയ സ്ഥലങ്ങളിൽനിന്നു വരുന്ന പുകയിലയ്ക്കു ചുമത്തുന്ന ഇറക്കുമതിച്ചുങ്കവും ഫലത്തിൽ കർഷകരിൽ ചുമത്തുന്ന നികുതിയാണ്. കാർഷികാദായങ്ങൾക്കുള്ള ആദായനികുതി ഇതുകൂടാതെയുണ്ട്. 124-ലെ ബഡ്ജറ്റനുസരിച്ചു ഈ മുന്നിനങ്ങളിലുംകൂടി തിരുവിതാംകൂറിന് ലഭിക്കുന്ന ആദായം, രണ്ടുകോടി രൂപയാണ്. ഈ നികുതികൾ കൊച്ചിയിലെ മദ്രാസിലെ ഇല്ല. തിരുവിതാംകൂറിനെ കൊച്ചിയോടോ മദ്രാസിനോടോ യോജിപ്പിക്കുന്നപക്ഷം, ഇവിടെയുള്ളതായി മാത്രം ഈ നികുതികൾ നിലനിറുത്തിപ്പോരുന്നതിനു സാധ്യമാകയില്ല. ഇവ കൊച്ചിയിലില്ല, മദ്രാസിലും ഏർപ്പെടുത്തുവാനും സാധ്യമല്ല. എന്തെന്നാൽ അവിടങ്ങളിലെ ഗൃഹനികുതി ഇപ്പോൾതന്നെ വളരെ കൂടുതലാണ്. ഇതിനുള്ള ഒരു പോംവഴി തിരുവിതാംകൂറിലെ ഗൃഹനികുതിയും കൊച്ചിയുമായി തോതിനോടും മദ്രാസിനോടും തുല്യമായി ഉയർത്തുകയാണ്. ഈ മാറ്റം മൂലധനം മുടക്കി തോട്ടം നടത്തുന്നവരെ ബാധിക്കുകയില്ലെന്നു മാത്രമല്ല അവർ അതിനെ സ്വാഗതം ചെയ്യുകയും ചെയ്യും. കയറ്റുമതിച്ചുങ്കം ഒഴിവാക്കുകയാണെങ്കിൽ വർത്തോതിലുള്ള കൃഷി ഉൽപ്പാദനം ഗണ്യമായി വർദ്ധിക്കും. എന്നാൽ കശുമുക, നാളികേരം മുതലായി ചെറിയതോതിൽ നടത്തപ്പെടുന്ന കൃഷിയുൽപ്പന്നങ്ങളുടെ വില വർദ്ധിക്കുകയില്ല. ചുങ്കത്തിൽ കയറ്റുമതിച്ചുങ്കം നിർത്തുന്നതുകൊണ്ട് സാധാരണക്കാരന് പ്രയോജനം ഒന്നും ഉണ്ടാകാനില്ല. കാർഷികാദായനികുതി നിർത്തലാക്കുന്നതിനെ സ്വന്തം കാര്യ കൃഷിക്കാർ സ്വാഗതം ചെയ്യും. ഭൂനികുതി വർദ്ധിപ്പിക്കുന്നതിനെ അവർ എതിർക്കുകയില്ല തിരുവിതാംകൂർകാർക്കറിഞ്ഞുകൂടാത്തതിനു കയറ്റുമതിച്ചുങ്കവും എന്തുകൊണ്ട് ഇപ്പോൾ ഇവിടെ ചർച്ച ചെയ്യണം കാര്യമില്ല ഇവിടെ സ്വന്തമുള്ളവർ നൽകുന്ന നികുതി അങ്ങിനെയല്ലാത്ത വരുമതിനെ അപേക്ഷിച്ച് കൂടുതലാണ്. മദ്രാസ്സിലെയും കൊച്ചിയിലെയും രീതി അനുകരിച്ചു നികുതി വർദ്ധിപ്പിക്കുന്നപക്ഷം, സാധാരണക്കാർ മാത്രമായിരിക്കും അതിന്റെ ദുഷ്ഫലം അനുഭവിക്കുന്നതു്. ഇത്തരം ഫലത്തിലുള്ള നയിക്കുന്ന ഒരു വ്യവസ്ഥയ്ക്കു വഴിപ്പെടുവാൻ മന്ത്രിമാർ സന്നദ്ധരാകുമോ. ഇക്കാര്യം സാധാരണക്കാരന്റെ തീരുമാനത്തിനായി വിട്ടുകയാണ് അവർക്കു കൈക്കൊള്ളാവുന്ന ഉത്തമമായ മാർഗ്ഗം.

മദ്രാസിൽ ലയിപ്പിക്കുന്നതിനെപ്പററി

തിരുവിതാംകൂറിനെ മദ്രാസ്സിനോടു ചേർക്കുന്നതെന്ന വാദിക്കുന്ന ഒരു കൂട്ടരും ഉണ്ട്. അവരോടു് എനിക്കു മുൻപറഞ്ഞ കാര്യങ്ങളുന്നു പറയാനുള്ളതു്. തിരുവിതാംകൂറിനെ പ്രത്യേകമായി നിലനിറുത്താൻ ശ്രമിച്ചിട്ടു പ്രയോജനമില്ലെങ്കിൽ മാത്രം ലയനത്തിനുവേണ്ടി വാദിക്കണമെന്നാണ് എന്റെ ബഹുമാന്യ സ്നേഹിതന്മാർ പ്രകടിപ്പിക്കുന്നതു്. അവരുടെ ചില വാദമുഖങ്ങൾ പ്രത്യേകം പരിഗണന അർഹിക്കുന്നവയാണ്. അഭിവൃദ്ധിയുണ്ടാകുന്നതുമുള്ള രാജവാഴ്ച അവസാനിക്കണമെന്ന് അവർ പറയുന്നു. അവരുടെ അഭിപ്രായം ശരിയാണെന്നുവച്ചാൽതന്നെ തിരുവിതാംകൂറിൽ ഇപ്പോൾ രാജവാഴ്ചയുണ്ടോ എന്നാണ് എനിക്കു ചോദിക്കാനുള്ളതു്. ഇംഗ്ലണ്ടിലേതിനെക്കാൾ ഒട്ടും കൂടുതലായ രാജവാഴ്ച ഇവിടെയില്ല മദ്രാസിലുള്ളതുമാത്രം രാജവാഴ്ചതന്നെ ഇവിടെയില്ല. മദ്രാസ് ഭരിക്കുന്നതു് ഭവനഗർ മഹാരാജാവാണെങ്കിൽ, തിരുവിതാംകൂർ ഭരിക്കുന്നതു് വേണാട്ടിലെ മഹാരാജാവാണ്. യഥാർത്ഥത്തിൽ ഇതിലെന്താണ് വ്യത്യാസമുള്ളതു്. പാമ്പായാലും ഭരണം നടത്തുന്ന മഹാരാജാക്കന്മാർ തങ്ങളുടെ മന്ത്രിമാരുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുവാൻ തയ്യാറായാകയിലല്ലെന്നാണെങ്കിൽ കാര്യം ഇന്നു പറയാൻ തയ്യാറായാകയും, കേന്ദ്രത്തിന്റെ ഇടപെടലിനു് അപേക്ഷിക്കുകയുമാണു വേണ്ടതു്. അതേ അവസരത്തിൽ തിരുവിതാംകൂറിന്റെ പരമാധികാരം നിലനിൽക്കട്ടെ അവിടുത്തെ രാജ്യഭരണം നിലനിർത്തിക്കൊണ്ടുപോകേണ്ടതു് തിരുവിതാംകൂറിന്റെ നിലനില്പിനു് അവശ്യമാണെന്നാണ് ഞാൻ കരുതുന്നതു്. രാജ്യഭാരം എടുത്തു കളഞ്ഞാൽ സ്വാഭാവികമായി തന്നെ തിരുവിതാംകൂർ തകർന്നുവീഴും. തിരുവിതാംകൂറിനു തന്നെ ഒരു ഗവർണ്ണറുടെ പ്രാധിനിത്യമായി കഴിയാമെന്നു നിങ്ങൾ കരുതുന്നുണ്ടെങ്കിൽ അതു പ്രായോഗികരായ തന്ത്രജ്ഞരായിരിക്കയില്ല. അങ്ങനെ വ്യവസ്ഥിതി അധികനാൾ നിലനിൽക്കുകയുമില്ല.

ജനങ്ങൾ ഭക്ഷണത്തിനും വസ്ത്രത്തിനും മാത്രമല്ല ആശ്രയിച്ചു കഴിയുന്നതെന്നും വിശ്വാസങ്ങളിലും പാരമ്പര്യങ്ങളിലും അവർ ആശ്രയിക്കുന്നുണ്ടെന്നും ഉള്ളതു് എന്റെ വിശ്വാസമാണ്. തിരുവിതാംകൂർ എന്തിന് രാജകുടുംബത്തെ കൈവെടിയണം? അവർ ജനങ്ങളുടെ ചേർന്നുനിന്നുപോന്നു, ജനങ്ങൾ മാത്രമാണ് അവരുടെ ശ്രദ്ധാവിഷയം. ഒരു തിരുവിതാംകൂർ രാജാവല്ലെ ആദ്യമായി ഹരിജനങ്ങൾക്ക് ക്ഷേത്രപ്രവേശനം അനുവദിച്ചതു്. ഇന്ത്യയിലെ മറ്റേതൊരു രാജ്യത്തിൽ ഉള്ളതിൽ ഏറെ രാഷ്ട്രീയാധികാരം ജനങ്ങൾക്ക് അനുവദിച്ചതും ഒരു തിരുവിതാംകൂർ രാജാവല്ലേ? ജനങ്ങളുടെ സ്വാതന്ത്ര്യത്തിനും നിലനിൽപ്പിനും ഉള്ള പുറങ്കോട്ടയാണ് തിരുവിതാംകൂർ രാജാക്കന്മാർ എന്നുപറയുന്നതു വിശ്വസിക്കുകതന്നെ ഇന്നും അങ്ങിനെതന്നെയാണ്; ഞാൻ നാളത്തെക്കുവേണ്ടി പറയുകയല്ലായിരിക്കും. പക്ഷെ എന്തുകൊണ്ട് കാത്തിരുന്നു ഫലം കണ്ടുകൂടാ.

(രണ്ടാംപേജിൽനിന്നുതുടർച്ച)

കീഴിൽ ഒരു ഫ്ട്പ്ലിൻറു് എക്സ്പർട്ടുണ്ട്. അദ്ദേഹം ചന്ദ്രശേഖരൻപിള്ളയാണ്. നാലഞ്ചുകൊല്ലമായി ഫ്ട്പ്ലിൻറു് എക്സ്പർട്ട് എന്നൊരു ഉദ്യോഗമുണ്ടെന്നറിയാം: ഫ്ട്പ്ലിൻറു് എക്സ്പർട്ടിനെപ്പററി ഇപ്പോഴുള്ള പോലീസ് മാനുവലിൽ പറഞ്ഞിട്ടില്ല. അദ്ദേഹം പുതുതെന്നു്. അതിൽ ഇതേപ്പററി പറയുന്നുണ്ടായിരിക്കണം. അതു് അച്ചടിച്ചു പുറത്തുവരുമ്പോൾ അതിൽ കാണും.

അനന്തരം നടന്നാറിയിൽ ഇപ്രകാരം പ്രസ്താവിച്ചു

മകരം 18-ാം തിയതി ഇൻസ്പെക്ടർ, പ്രതി, ഡി. എസ്. പി. ഇവർ സന്ധ്യയോടുകൂടി ചെങ്കോട്ടയ്ക്കുവന്നു. ഡി. എസ്. പി. യും ഞാനുമായി കേസ്സിനെപ്പററി സംസാരിച്ചു. സന്ധ്യകഴിഞ്ഞു പ്രതിയോടു "എവിടെയെങ്കിലു,പോയി താമസിച്ചുകൊള്ളുക, രാവിലെ കണ്ടാൽ മതി" എന്നു ഡി. എസ്. പി. പറഞ്ഞയച്ചു. അന്നുരാത്രി ഏഴുമണിയായപ്പോൾ പ്രതിയുടെ ചിററപ്പനു മി: വൈറിയൻ മി: എസ്സ്. ജോർജ്ജ് എന്നിവരുമായി ചെങ്കോട്ട പോലീസ്സിൽ എത്തി പ്രതിയെ അന്വേഷിച്ചു. കൊല്ലം ട്രാഫിക്ക് ആപ്പീൽ അവിടെ ഉണ്ടായിരുന്നു. ട്രെക്ഷൻ ആഫീസിൽ പക്ഷെ കുണ്ടുക്കാം എന്നു പറഞ്ഞതനുസരിച്ചു അവരുരണ്ടുപേരും അവിടെനിന്നുപോയി. 19-ാം തിയതി രാവിലെ ഉദ്ദേശം ഏഴുമണിക്കു പ്രതിയെ ഡി. എസ്. പി. താമസിച്ചിരുന്ന കെട്ടിടത്തിന്റെ മുൻവശംവച്ചുകണ്ടു. കുറച്ചുകഴിഞ്ഞു പ്രതി, പ്രതിയെ അന്വേഷിച്ചുവന്നവരുമായി ചെങ്കോട്ടനിന്നും പോയതായി അറിയാം. 15-ാംനു കളത്തുപ്പുഴ റാറി. ഷി. യിൽവച്ചു മിസ്സ് ശർമ്മയുടെ മൊഴി വാങ്ങിയശേഷം അന്വേഷിച്ചതിൽ ട്രാഫിക്കാരെ കണ്ടില്ല:

ചോദ്യം:—സംശയിക്കപ്പെടുന്ന ഒരു പ്രതിയുടെ പേരിൽ നടപടി എടുക്കുന്നതിനുമുമ്പു സംശയത്തിനുള്ള കാരണങ്ങൾ രേഖപ്പെടുത്തുന്നതാണ് ക്രിമിനൽ ചോദ്യിച്ചിട്ടില്ല. അപ്രകാരം ഈ കേസ്സിൽ രേഖപ്പെടുത്തിയിട്ടുണ്ടോ?

ഉ—ഉണ്ട്. കർത്തൃയുടെ മൊഴിയിൽ "പ്രകാരത്തുള്ള ഞാൻ ലൈക്കിനാഥിലെ സംശയിക്കുന്നു" എന്നു പറഞ്ഞതു് എന്താണെന്നു അവരോടു ചോദിച്ചു. വ്യക്തമായി അറിയുകയില്ലെന്നു പറഞ്ഞു. അതിനുള്ള കാരണങ്ങൾ മൊഴിയിൽ തന്നെ പറഞ്ഞിട്ടുണ്ടെന്നു പറഞ്ഞു. അതിനുശേഷം ആ കാരണങ്ങൾ അവരുടെ കയ്പടയിൽ എഴുതിവാങ്ങുകയുണ്ടായി. ഡി. എസ്. പി. യുടെ നിർദ്ദേശമനുസരിച്ചു ചെങ്കോട്ട റാറി. ഷി. യിൽവച്ചു 18-ാംനു-ന്നു കൊടുത്തു അതു് അവരോടു ഞാൻ ആവശ്യപ്പെട്ടു. അങ്ങിനെ അവർ എഴുതിത്തന്നു. അതുതന്നെ ഡി. എസ്. പി. യ്ക്കു അയയ്ക്കുകയും ചെയ്തു. അതിൽ പറഞ്ഞിട്ടുള്ള കാരണങ്ങളല്ലാതെ അവരുടെ മൊഴിയിൽ അന്നെന്തുണ്ടു്: മിസ്സ് ശർമ്മയുടെ കയ്പടയിൽ അന്നു യാതൊരു കാരണങ്ങൾ എഴുതിത്തന്നതു്.

അലവൻസ് എന്തിനനുവദിച്ചു?

(സ്വ. ലേ) തിരു: മീനം 9 ഐ. ജി., വിദ്യാഭ്യാസഡയറക്ടർ എന്നിവർക്ക് ഈയിടെ 100 രൂപ വീതം അലവൻസ് അനുവദിച്ചതിനെസംബന്ധിച്ചു പൊതുജനങ്ങളിൽ ഉണ്ടായിട്ടുള്ളതൊററിലധികം നിഗമനങ്ങൾ ചെയ്യുന്നതിനു വേണ്ടി ശമ്പളത്തിൽനിന്നു പ്രത്യേകമെടുത്തിട്ടുള്ള ഒരു ഫണ്ടിനോടിൽ പ്രസ്തുത ഉദ്യോഗത്തിലിരുന്നവരുടെ ശമ്പളസ്കെയിൽ 800—1000 ആയിരുന്നതു് 450—750 ആക്കി കുറച്ചപ്പോൾ, അവരുടെ കീഴിലുള്ളവരെന്നുകരുതപ്പെടുന്ന ചില ഡിസ്ട്രിക്ട് ആഫീസറന്മാരുടെ നേക്കാൾ കുറവായിപോകയാൽ അതിനെക്കാൾ കൂടിക്കൊടുക്കുവാൻ വേണ്ടിയാണ് അപ്രകാരം ചെയ്തതെന്നു പറഞ്ഞിരിക്കുന്നു. ഈ തുക മുൻകാലത്തേക്ക് അനുവദിച്ചിട്ടില്ല. ലാൻഡ് കമ്മിഷണർ, സർജൻ ജനറൽ തുടങ്ങിയവർക്ക് ഈ അലവൻസ് നേരത്തേതന്നെ അനുവദിച്ചുകൊടുത്തിട്ടുള്ളതുമാണ്.

നെഹ്റു ലണ്ടൻ സന്ദർശിക്കും

ന്യൂഡൽഹി, മാർച്ച് 23

പ്രധാനമന്ത്രി പണ്ഡിതജവഹർലാൽ നെഹ്റു ഏപ്രിൽ മാസത്തിൽ ചന്ദ്രക സന്ദർശിക്കാനിടയുണ്ട്. വിദേശകാര്യവകുപ്പിലെ സെക്രട്ടറി ജനറലായ സർ ഗിരിജാശങ്കർ ബാജ്പൈ അദ്ദേഹത്തെ അനുഗമിക്കുന്നതാണ്.

ലണ്ടനിൽവച്ചു നടക്കുന്ന കോമൺവെൽത്തു പ്രധാനമന്ത്രിമാരുടെ സമ്മേളനത്തിൽ ഇന്ത്യയും കോമൺവെൽത്തുമായുള്ള ബന്ധം മുഖ്യപ്രധാന ചർച്ചാവിഷയമായിരിക്കും.

ഏപ്രിൽ അവസാനത്തിൽ തന്നെ പ്രധാനമന്ത്രി ഇൻഡ്യയിൽ തിരിച്ചെത്തുന്നതാണ്. (എ—പി)

അർശോരോഗ സംഹാരി
വൈദ്യന അവർകൾ ശ്രീ. നാരായണക്കൈമൾ അവർകളാൽ ഉണ്ടാക്കപ്പെട്ട അർശോരോഗസംഹാരി എല്ലാവിധ അർശോരോഗങ്ങൾക്കും ഒരു കൈകണ്ട അസ്ത്രമാണ്. വിശിഷ്യാ രക്താർശ്ശസ്സിന് ദിവ്യഔഷധം.
റാണ്ടൽ 1-ന് 4 രൂ. മാത്രം. ആഴ്ചവട്ടധിപ്രകാരം തയ്യാർചെയ്തിട്ടുള്ള എല്ലാദ്രവ്യങ്ങളും വില്ക്കുന്നതുമുണ്ട്.
മാനേജർ,
സഹദേവവിലാസം
ആയുർവേദ വൈദ്യശാല,
തൃക്കൊടിത്താനം,
ചങ്ങനാശ്ശേരി.

പരസ്യം

മാന്യരെ!
ശിവരാമൻ എന്ന പേരു്, ഉദ്ദേശം 5 അടി പൊക്കം, വെളുത്ത നിറം, കാതിൽ ചുററുകടുക്കൻ, മുടി ക്രാപ്പ് ഈ ലക്ഷണമുള്ള ഉത്തമയ എന്റെ മകൻ ഈ മാസം 1-ാംനു- വീട്ടിൽ നിന്നും എവിടെയോ പൊയ്പ്പോയിരിക്കുന്നു. അദ്ദേഹത്തെ കണ്ടുകിട്ടുന്നവർ ദയവായി വിവരം അറിയിച്ചുതരുവാൻ അപേക്ഷിക്കുന്നു.
എന്നു്, കോന്നാട്ടു കുറുപ്പു നാരായണൻ,
ചേന്നംപള്ളിപ്പുറം,
തെക്കുംഭാഗം.
124 മീനം 8—ാംനു-

ഒരു തിരുത്തു്

മീനം 7-ാം തിയതിയിലെ "ദേശബന്ധു" വിൽ Ganesh Puzzles (No.2) എന്ന പരസ്യത്തിൽ 5 ഉത്തരം, 1 രൂപാ എന്നതു് 2 രൂപാ എന്നും, closing date 15-8-124 എന്നതു് 18-8-124 എന്നും തിരുത്തി വായിക്കണമെന്നാണ്.

ദി ലക്ഷ്മി ചിട്ടിഫണ്ട് ലിമിററഡ്
തിരുവനന്തപുരം:
എ. ബി. സി. ഡി. ക്ലാസ്സുകളിലായി ആകെ
7000 ബ്രി. രൂപാ
യുടെ പുതിയ പ്രതിമാസചിട്ടി
വിനു, ഉടനെ ഉടമ്പടി: (ക്ലാസ് സെക്യൂറിററിയിന്മേൽ)
40 ആ. രൂപാ വീതം 50 മാസം എ-ക്ലാസ് മുൻകൂ. 2000
30 " ബി " 1500
20 " സി " 1000x2
10 " ഡി " 500x3
പിടിച്ചുപറ്റലും, പിടിക്കാത്തവയ്ക്കു, വിതപ്പുവിലകൊടുത്തുപോലെ
മാനേജർ, ടി. കെ. കൃഷ്ണമാർപ്പിള്ള,
ദി ലക്ഷ്മി ചിട്ടിഫണ്ട് ലിമിററഡ്,
പുളിമൂട്ടിൽ കെട്ടിടം, റെയിൽവേ റോഡ്, തിരുവനന്തപുരം.

ലേഖനോപഹാരം
തിരുവിതാംകൂറിൽ അടുത്തകാലത്തുണ്ടായ രാഷ്ട്രീയകാലിളകത്തിന്റെ കാരണങ്ങളെ സൂക്ഷ്മമാക്കുന്നവയും, വളരെ വിമർശനങ്ങൾക്കു പാത്രമായവയും "മലയാളി" പത്രാധിപരാപുറത്തുവന്നവയുമായ ലേഖനങ്ങൾ പുസ്തകരൂപത്തിൽ.
റോയൽ 78 പേജ് വില അന്നേകാൽരൂപാ വളരെ കുറച്ചുപ്രതികൾ മാത്രമേ അച്ചടിച്ചിട്ടുള്ളു.
ഉടനെ അപേക്ഷിക്കുക മാനേജർ മലയാളി
തിരുവനന്തപുരം

Printed and Published by C. M. Sankara Pillai at the Swaraj Printing Works, Kottayam.